മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 09 No. 23 THE ONLINE OFFICIAL NEWS BULLETIN 2026 June 04

SEASON OF PENTECOST പെന്തിക്കോസ്തികാലം ܦܢܛܝܩܘܣܛܝ، ܙܒܢܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
7 1 2nd Sunday after Pentecost	8 5	9 1	10 5	11 1 Comme. of St. Bartholomew the Apostle 137th Mem. of Shemavon Mar Athanasius (Kottayam Puthen Palli) 98th Mem. of Geevarghese Mar Severios (Kottayam Valiya Palli)	12 5	13 1




കാനഡ ഭദ്രാസനത്തിലെ കാൽഗറി സെന്റ് മേരീസ് ദേവാലയ കൂദാശ മെയ് 29, 30 തീയതികളിൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ത്രിതിയൻ കാതോലിക്ക ബാവായുടെ പ്രധാന കാർമികത്വത്തിലും കാനഡ ഭദ്രാസന സഹായ മെത്രാപ്പോലീത്ത സഖറിയാ മാർ നിക്കോളോവോസിന്റെയും കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്ത ഗീവറുഗീസ് മാർ യൂലിയോസിന്റെയും സഹ കാർമ്മികത്വത്തിലും നടന്നു.



വള്ളംകുളം സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിന്റെ സപ്തതി ജൂബിലി ജീവകാരുണ്യ പദ്ധതികളുടെ ഉദ്ഘാടനം ആന്റോ ആന്റണി എം.പി. നിർവഹിച്ചു. ഡോ. മാത്യൂസ് മാർ തീമോത്തിയോസ് സമീപം.



കണ്ടനാട് കർമ്മേൽ ദയറയിൽ നടത്തിയ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് (SDOF) മേഖല സമ്മേളനവും പ. വട്ടശ്ശേരിതിരുമേനിയുടെ അനുസ്മരണവും ഭക്ഷ്യവകുപ്പ് മന്ത്രി അനുപ് ജേക്കബ് ഉദ്ഘാടനം ചെയ്യുന്നു. യൂഹാനോൻ മാർ പോളികാർപ്പോസ് അദ്ധ്യക്ഷത വഹിച്ചു.



പ്രൊഫ. ജോസഫ് കെ. അലക്സാണ്ടർ അന്തരിച്ചു

തിരുവനന്തപുരം: മുൻ കൊളീജിയറ്റ് വിദ്യാഭ്യാസ ഡയറക്ടർ കവടിയാർ പണ്ഡിറ്റ് കോളനി എ 56-ൽ പ്രൊഫ. ജോസഫ് കെ. അലക്സാണ്ടർ (101) അന്തരിച്ചു. നാട്ടകം ഗവ. കോളജിന്റെ ആദ്യ പ്രിൻസിപ്പലാണ്. കേരള സർവകലാശാലയുടെ വിവിധ അക്കാദമിക്, ഭരണസമിതികളിൽ പ്രവർത്തിച്ചിരുന്നു. തിരുവല്ല മേപ്രാൽ കണിയാന്തറ കുടുംബാംഗമാണ്. നാളെ 11-നു ഭവനത്തിലെ ശുശ്രൂഷകൾക്കുശേഷം സംസാരം 12-നു പാറ്റൂർ സെന്റ് ജോർജ് ഓർത്തഡോക്സ് കത്തീഡ്രൽ സെമിത്തേരി ചാപ്പലിൽ.

ഭാര്യ: പരേതയായ കുഞ്ഞന്നാമ്മ ജോസഫ്.

മക്കൾ: അലക്സ് ജോസ് (ചാർട്ടേഡ് അക്കൗണ്ടന്റ്, കൊച്ചി), സ്റ്റീഫൻ ജോസ്, അലക്സി ജോസ് (ചാർട്ടേഡ് അക്കൗണ്ടന്റ്, തിരുവനന്തപുരം). മരുമക്കൾ: ലളിത അലക്സ്, മാലിനി ജോസ്, ബിജു സി. ഉമ്മൻ (സിഡാക് മുൻ ഡയറക്ടർ).

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1951)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്

11-12-1951. ബോംബെ. രാവിലെ ബിഷപ്പിന്റെ ക്ഷണപ്രകാരം ആശ്രമം ചാപ്പലും സെന്റ് തോമസ് കത്തീഡ്രലും സന്ദർശിച്ചു. അതിനുശേഷം അർമ്മീനിയൻ പള്ളിക്കാരുടെ ക്ഷണപ്രകാരം ടി പള്ളിയിലേക്കു പോയി. അവിടെ എത്തിയപ്പോൾ അവരുടെ കഹനാ (പട്ടക്കാരൻ) കാപ്പാ ആദിയായ അംശവസ്ത്രങ്ങൾ ധരിച്ച് നമ്മെ സ്വീകരിച്ച് പ്രത്യേക ഗാനങ്ങൾ പാടിക്കൊണ്ട് മദ്ബഹായിലേക്കു ആനയിച്ചു. ലുത്തിനിയാ കഴിഞ്ഞ് എല്ലാവരും വന്ന് കൈ മുത്തുകയും മുട്ടുകുത്തി അനുഗ്രഹം വാങ്ങുകയും ചെയ്തു.


അതിനുശേഷം എല്ലാവരും കൂടി കാപ്പി കുടിച്ചു. എല്ലാവർക്കും വളരെ സന്തോഷമായിരുന്നു. അവിടെയും ഒരു ഗ്രൂപ്പ് ഫോട്ടോ എടുത്തു. ഉച്ചകഴിഞ്ഞ് കൗളി ഫാദേഴ്സിന്റെ ക്ഷണമനുസരിച്ച് അവരുടെ ആശ്രമത്തിൽ പോയി. നാലു മണിക്ക് ഒന്നിച്ച് ചായ കഴിച്ചു. അവരു വളരെ സന്തോഷമായി പെരുമാറുകയും എല്ലാവരും മുട്ടുകുത്തി അനുഗ്രഹം വാങ്ങുകയും ചെയ്തു. അവിടെ നിന്നും അവരുടെ കന്യാസ്ത്രീ മഠവും സന്ദർശിച്ചു. അവിടുത്തെ മദർ സുപ്പീരിയറിന് നടക്കാൻ പാടില്ലാഴികയാൽ കസേരയിൽ എടുത്തുകൊണ്ടു വന്നു. അര മണിക്കൂർ നേരം സംഭാഷണം നടത്തി. ലഘുഭക്ഷണം കഴിഞ്ഞ് തിരിച്ചുപോന്നു. സന്ധ്യയ്ക്കു പള്ളിയിൽ എത്തി നമസ്കാരം നടത്തി. നൂറുപേരോളം വന്നിരുന്നു. നമസ്കാരശേഷം മെത്രാച്ചൻ പ്രസംഗിച്ചു.

12-12-1951. ബോംബെ. രാവിലെ പള്ളിയിൽ പോയി വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ, തോനയ്ക്കാട്ടുകാരൻ ഇവിടെ എം.എ. യ്ക്കു പഠിക്കുന്ന ഒരു കൊച്ചനും, ഉള്ളന്നൂർക്കാരൻ ഇന്ററിനു പഠിക്കുന്ന ഒരു കൊച്ചനും കോറൂയോ പട്ടം കൊടുത്തു. കുർബ്ബാന കഴിഞ്ഞ് ഈ ഇടവകയിലുള്ള പത്തു കുട്ടികളെ മാമോദീസാ മുക്കി. കുർബ്ബാനയും പട്ടംകൊടയും മാമോദീസായും കാണുന്നതിന് അർമ്മീനിയൻ പള്ളിയിലെ അച്ചനും പള്ളിക്കാരും കൂടി വന്നിരുന്നു. 12 മണിക്ക് എല്ലാം അവസാനിച്ചു. കാപ്പി കഴിഞ്ഞ് അവർ തിരിച്ചു പോയി.

ഉച്ചകഴിഞ്ഞ് ബിഷപ്പിന്റെ അരമനയിൽ ചില അതിഥികൾ വരുന്നതുകൊണ്ട് പീലിക്കുട്ടിയുടെ വീട്ടിലേക്ക് തമസം മാറ്റി. പീലിക്കുട്ടി മാത്രമേ ഇവിടെ താമസമുള്ളൂ. ഭാര്യയും മറ്റും നാട്ടിലേക്കു പോയിരിക്കയാണ്. താമസം വളരെ സൗകര്യമായിരിക്കുന്നു.

നാലു മണിക്ക് പള്ളിയിൽ പോയി. കമ്മിറ്റിക്കാരും ഞങ്ങളെല്ലാവരും കൂടിയുള്ള ഗ്രൂപ്പ് ഫോട്ടോ എടുത്തു. അതു കഴിഞ്ഞ് കൽസാ കോളജിൽ ഇവിടുത്തെ മലയാളി ക്രിസ്ത്യാനികൾ പത്തു സമുദായക്കാർ കൂടി നമ്മുടെ ബഹുമാനാർത്ഥം നടത്തുന്ന മീറ്റിംഗിൽ സംബന്ധിക്കുന്നതിനു പോയി. മിസിസ്സ് ജോൺ മത്തായി ആദ്ധ്യക്ഷം വഹിച്ചു. ഇവിടുത്തെ ആംഗ്ലിക്കൻ പള്ളിയിലെ അച്ചനും, മാർത്തോമ്മാ അച്ചനും, നമ്മുടെ ടി. ജി. കോശി കത്തനാരും പൂനായിൽ നിന്നും ചെറിയാനും മറ്റും പ്രസംഗിച്ചു. അനന്തരം ഒരു മംഗളപത്രം മി. വർഗീസ് വായിച്ച് ഒരു വെള്ളി കാസ്ക്കറ്റിൽ ആക്കി നമുക്ക് സമർപ്പിച്ചു. അതിനു സമുചിതമായ മറുപടി നാം പറഞ്ഞു. എല്ലാവരും പറഞ്ഞത് സഭകളുടെ യോജിപ്പിനെപ്പറ്റിയാണ്. വിശ്വാസത്തിൽ യോജിക്കാത്തിടത്തോളം കാലം, വിശ്വാസ സംബന്ധമായും, കൂദാശാപരമായും, മറ്റും യോജിക്കയോ പൊതുപ്രാർത്ഥനാക്രമം ഉണ്ടാക്കുകയോ ചെയ്യുന്നതിന് നാം ഒരിക്കലും അനുവദിക്കയില്ലെന്നു നാം പ്രത്യേകം എടുത്തു പറഞ്ഞു. ഏഴരയ്ക്കു മീറ്റിംഗ് അവസാനിച്ചു. പള്ളിയിൽ എത്തി സന്ധ്യാനമസ്കാരം നടത്തി.

13-12-1951. ബോംബെ, പൂന. രാവിലെ പാപ്പച്ചനും മത്തുക്കുട്ടിയും കുരുവിള മാത്യുവും മറ്റു പലരും വന്നിരുന്നു. ഉച്ചകഴിഞ്ഞ് നാലേകാൽ മണിക്ക്



പൂനായിക്കു പോകുന്നതിനു തിരിച്ചു. റയിൽവേ സ്റ്റേഷനിൽ വികാരിയച്ചനും, പീലിക്കുട്ടിയും മറ്റു പലരും വന്നിരുന്നു. അഞ്ചു മണിക്ക് വണ്ടി പുറപ്പെട്ടു. എട്ടേകാലിന് ഇവിടെ എത്തി. പൂനാ സ്റ്റേഷനിൽ വളരെയധികം ആളുകൾ നമ്മെ കാത്തുനിന്നിരുന്നു. ട്രെയിനിൽ നിന്നും ഇറങ്ങിയപ്പോൾ സി.പി.എസ്. ആശ്രമത്തിലെ ഫാ. സച്ചാൽ നമ്മെ ഹാരമണിയിച്ചു സ്വീകരിച്ചു. കൂടാതെ ഇവിടെയുള്ള മാർത്തോമ്മാക്കാരുടെ വകയായും ഓരോ മാലകൾ നമുക്കും മെത്രാച്ചനും ഇട്ടു. അതുകഴിഞ്ഞ് ഇവിടെയുള്ള Old ham methodist Church Parish-ൽ എത്തി താമസിച്ചു. വളരെ സൗകര്യമുള്ള മുറികളുള്ള ഒരു നല്ല കെട്ടിടമാണ് ഇത്. നമ്മുടെ ആളുകൾ പലരും രാത്രി 12 മണി വരെയും ഇവിടെ ഉണ്ടായിരുന്നു. വളരെ ഉത്സാഹവും, സന്തോഷവും, ഊർജ്ജിതവും നമ്മുടെ പിള്ളേരിൽ കാണുന്നുണ്ട്. രാത്രിയിൽ നല്ലവണ്ണം തണുപ്പുണ്ടായിരുന്നു.

14-12-1951. പൂനാ. രാവിലെ നമ്മുടെ ആളുകൾ പലരും വന്നിരുന്നു. സി. പി. മാത്തന്റെ സഹോദരിയും, ഐ. ശമുവേലിന്റെ മകളും ഭർത്താവും മറ്റു പലരും വന്നിരുന്നു. ശമുവേലിന്റെ മകൾ ഒരു ഡോക്ടർ ആണ്. അവൾ മൂത്രം പരിശോധിച്ച് കുത്തിവച്ചു. അഞ്ചു മണിക്ക് Sang Sing-ന്റെ വീട്ടിൽ വച്ച് നമ്മുടെ ബഹുമാനാർത്ഥം അയാൾ നടത്തുന്ന ടീ പാർട്ടിയിൽ സംബന്ധിക്കുന്നതിനു പോയി. മെത്രാച്ചനും വന്നിരുന്നു. 25 പേരോളം ഇതിൽ സംബന്ധിച്ചു. എല്ലാവരുമായി പരിചയപ്പെട്ടതിനുശേഷം ആറു മണിക്ക് ഇവിടെയുള്ള സെന്റ് പോൾസ് പള്ളിയിൽ എത്തി സന്ധ്യാനമസ്കാരം നടത്തി. കുറെ ആളുകൾ നമസ്കാരത്തിൽ സംബന്ധിപ്പാൻ വന്നിരുന്നു.

15-12-1951. പൂനാ. ഇന്നും ഡോക്ടർ വന്നു കുത്തിവച്ചു. നമ്മുടെ ആളുകൾ എപ്പോഴും വന്നും പോയും കൊണ്ടിരിക്കുന്നുണ്ട്. ഉച്ചയ്ക്ക് എസ്.പി.എസ്. ആശ്രമത്തിൽ അവരുടെ ക്ഷണപ്രകാരം എത്തി ഭക്ഷണം കഴിച്ചു. ടോസ്റ്റ് പറച്ചിൽ കഴിഞ്ഞ് ചാപ്പലും ഹോസ്റ്റലും സന്ദർശിച്ചു. പിന്നീട് ഫാ. വില്യം മരിച്ചുപോയി എന്നറിഞ്ഞ് പള്ളിയിൽ എത്തി ശവശരീരം കണ്ട് പ്രാർത്ഥന നടത്തി.

അവിടെ നിന്നും കാർക്കയിൽ പോയി അവിടെയുള്ള നമ്മുടെ ആളുകൾ തയ്യാറാക്കിയിരുന്ന ഗാർഡൻ പാർട്ടിയിൽ സംബന്ധിച്ചശേഷം ഓൾ സെയിന്റ്സ് പള്ളിയിൽ എത്തി പ്രാർത്ഥന നടത്തി. 250-ൽപരം ആളുകൾ സംബന്ധിച്ചിരുന്നു. ഡോക്ടർ ഇന്നും വന്ന് കുത്തിവച്ചു.

16-12-1951. പൂനാ. രാവിലെ ഒമ്പതര മണിക്ക് ഇവിടെയുള്ള സെന്റ് പോൾസ് പള്ളിയിൽ എത്തി വി. കുർബ്ബാന അർപ്പിച്ചു. ആയിരത്തിൽപരം ആളുകൾ അതിൽ സംബന്ധിച്ചു. കുർബ്ബാനമദ്ധ്യേ മെത്രാച്ചൻ പ്രസംഗിച്ചു. കുർബ്ബാന കഴിഞ്ഞ് അഞ്ചു കുട്ടികളെ മാമോദീസാ മുക്കി. രണ്ടു മണിയോടു കൂടി എല്ലാം അവസാനിച്ച് ഇവിടെ എത്തി. കൈപ്പട്ടൂർകാരൻ ദാനിയേൽ ശെമ്മാശൻ വന്നിരുന്നു.

17-12-1951. പൂനാ. ഇന്ന് മർത്ത യൂലീത്തിയുടെയും ബറബാറായുടെയും, മാർ ബസേലിയോസിന്റെയും ഓർമ്മദിവസമാകയാൽ മെത്രാച്ചൻ വി. കുർബ്ബാന അർപ്പിച്ചു. പത്തുമുപ്പതു പേർ ഇതിൽ സംബന്ധിച്ചു. ചെങ്ങന്നൂർക്കാരൻ മാമ്മൻ സാറിന്റെ (റീത്തിൽ ചേർന്ന) രണ്ടാമത്തെ മകന്റെ മൂന്നു കുട്ടികളെ വെള്ളം തളിച്ച്, സൈത്തും മൂറോനും പൂശി മാമോദീസാ മുക്കി. മെത്രാച്ചൻ അവർക്ക് വി. കുർബ്ബാന കൊടുത്തു. കുർബ്ബാന കഴിഞ്ഞ് ചേപ്പാട്ടെ ഐ. ശാമുവേലിന്റെ മകളുടെ വീട്ടിൽ പോയി കാപ്പിമേശ കഴിച്ചു. കാപ്പി കഴിഞ്ഞ് തിരിച്ച് ഇവിടെ എത്തി.

ഏഴു മണിക്ക് ഇവിടെയുള്ള ക്രിസ്ത്യാനികളുടെ വകയായി നമ്മുടെ ബഹുമാനാർത്ഥം വൈ.എം.സി.എ. ഹാളിൽ വച്ചു കൂടുന്ന മീറ്റിംഗിൽ സംബന്ധിക്കാൻ പോയി. 250-ൽപരം ആളുകൾ സംബന്ധിച്ചു. പൂനാ തിയോളജിക്കൽ കോളജ് പ്രിൻസിപ്പൽ ആദ്ധ്യക്ഷം വഹിച്ചു. പല സഭകളെ പ്രതിനിധീകരിച്ച് Mr. Suryawanshi MLA, Capt. Holmes, Rev. Devabhushanam, Mr. Malelu, Rev. William, Rev. Meon എന്നിവർ പ്രസംഗിച്ചു. അനന്തരം നാം മറുപടി പ്രസംഗം നടത്തി. ഈ സഭകളെല്ലാം കൂടി യോജിച്ച് ഇങ്ങനെ ഒരു മീറ്റിംഗ് കൂടി നമ്മെ ബഹുമാനിക്കുന്നതിൽ ഇതിന്റെ ഭാരവാഹികളോടും സംബന്ധികളോടും വളരെ കൃതജ്ഞതയുണ്ടെന്നും, നമ്മുടെ സഭയുടെ പൂർവ്വ ചരിത്രം ചുരുക്കമായി പറകയും, എല്ലാ സഭകളും ഒന്നിച്ച് കർത്താവിന്റെ വരവിങ്കൽ തന്നെ മഹത്വപ്പെടുത്തുവാൻ ദൈവം ഇടയാക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് അവസാനിപ്പിച്ചു. മെത്രാച്ചൻ ഇംഗ്ലീഷിൽ തർജ്ജമ ചെയ്തു. മീറ്റിംഗ് കഴിഞ്ഞ് എല്ലാവർക്കും ടീ പാർട്ടി ഉണ്ടായിരുന്നു. ആ സമയത്ത് ഓരോ ആളുകളും നമ്മെ വന്നു പരിചയപ്പെട്ടുകൊണ്ടിരുന്നു. എട്ടേമുക്കാലിന് ഇവിടെ എത്തി. നമ്മുടെ ആളുകൾ പലരും മീറ്റിംഗ് കഴിഞ്ഞ് ഇവിടെ എത്തി നമ്മെ കാണുകയുണ്ടായി.

18-12-1951. പൂനാ, ബോംബെ. രാവിലെ 7.30-നുള്ള ഡെക്കാൻ ക്വീൻ ട്രെയിനിൽ ബോംബെയ്ക്കു തിരിച്ചു. പത്തര മണിക്ക് ഇവിടെ എത്തി ഒരു മാമോദീസാ നടത്തിക്കൊടുത്തു. അതിനുശേഷം പള്ളിയിൽ നിന്നും പീലിക്കുട്ടിയുടെ വീട്ടിൽ എത്തി താമസിച്ചു. ആറു മണിക്ക് ബിഷപ്പ് ലാഷിന്റെ അരമനയിൽ പോയി ബിഷപ്പിന് ഒരു ചുമന്ന കുപ്പായത്തിനുള്ള തുണിയും നമ്മുടെ ഒരു ഫുൾ സൈസ് ഫോട്ടോയും സമ്മാനിച്ചു. ബിഷപ്പിന് അത് വളരെ സന്തോഷമായി. 15 മിനിട്ട് നേരം കുശലപ്രശ്നങ്ങൾ കഴിഞ്ഞശേഷം ഇവിടേക്കു പോന്നു. മെത്രാച്ചൻ സന്ധ്യയ്ക്കു പള്ളിയിൽ പോയി നമസ്കാരം നടത്തി.

സന്ധ്യയ്ക്ക് ഇവിടെ പാപ്പച്ചനും അച്ചാമ്മയും ടി മത്തായിയും കുര്യനും മറ്റു പലരും വന്നിരുന്നു.

19-12-1951. ബോംബെ. രാവിലെ ദീവന്നാസ്യോസ് മെത്രാച്ചൻ പള്ളിയിൽ പോയി മാർ സോക്കേയുടെ ഓർമ്മദിവസമാകയാൽ വി. കുർബ്ബാന ചൊല്ലി. നാമും പള്ളിയിൽ പോയിരുന്നു. മെത്രാച്ചൻ പള്ളിയിലോട്ടു പോയ കാറിൽ ഒരു അപകടം ഉണ്ടായി. ഒരുത്തൻ കുറുകെ ചാടുകയാൽ അവന്റെ തല വണ്ടിയുടെ സൈഡിൽ മുട്ടി കുറെ പൊട്ടുകയും, കാലിന് ചില കേടുകൾ പറ്റുകയും ചെയ്തു. ഉടനെ അയാളെ ആശുപത്രിയിൽ കൊണ്ടുപോയി താമസിപ്പിച്ചു. രണ്ടു മൂന്നു ദിവസത്തിനകം സുഖമാക്കി വിടാമെന്ന് ഡോക്ടർ പറഞ്ഞു. നാലര മണിക്ക് കൽക്കട്ടായിക്കു പോകുന്നതിന് റെയിൽവേ സ്റ്റേഷനിലേക്കു പോയി. 5.10-നു ട്രെയിൻ വിട്ടു. പല ആളുകളും സ്റ്റേഷനിൽ വന്നിരുന്നു.

20-12-1951. ബോംബെ-കൽക്കട്ടാ ട്രെയിൻ. ഇന്ന് ട്രെയിനിൽ ആയിരുന്നു. രാത്രി ഒരുവിധം നല്ല തണുപ്പുണ്ടായിരുന്നു. യാത്ര മൂലം വലിയ ക്ഷീണമോ സുഖക്കേടോ ഉണ്ടായിരുന്നില്ല. നമ്മോടുകൂടി മെത്രാച്ചനും ശെമ്മാശനും ഉണ്ടായിരുന്നു.

21-12-1951. കൽക്കട്ടാ. രാവിലെ 7.40-നു ഇവിടെ ഹൗറാ സ്റ്റേഷനിൽ എത്തി. ഇവിടെയുള്ള നമ്മുടെ പല ആളുകളും, വികാരിയും, ശെമ്മാശന്മാരും റെയിൽവേ സ്റ്റേഷനിൽ നമ്മെ വന്നു ഹാരമണിയിച്ചു സ്വീകരിച്ചു. അവിടെ നിന്നും പള്ളിയിൽ പോയി ലുത്തിനിയാ കഴിഞ്ഞശേഷം ഇവിടെ എത്തി ബിഷപ്സ് കോളജിൽ താമസിക്കുന്നു. നമ്മുടെ ജോൺ മത്തായി ആണ് ഈ പള്ളിയിലെ ഈ വർഷത്തെ സെക്രട്ടറി. നമ്മുടെ ആളുകൾ എല്ലായ്പ്പോഴും വന്നും പോയും ഇരിക്കുന്നുണ്ട്. ജോഷാ ശെമ്മാശനും, ഉമ്മൻ ശെമ്മാശനും, ജോർജ് ശെമ്മാശനും ഇവിടെ ഉണ്ട്. ഗബ്രിയേൽ ശെമ്മാശൻ ഇവിടെ വന്നിരുന്നു.

ആറു മണിക്ക് സിറിയൻ ക്രിസ്ത്യൻ അസോസിയേഷൻ ഹോസ്റ്റൽ വകയായി ഒരു മീറ്റിംഗ് കൂടി. ഹോസ്റ്റലിന്റെ വാർഡൻ ജോർജ് ശെമ്മാശനാണ്. മീറ്റിംഗിൽ മുപ്പതോളം ആളുകൾ സംബന്ധിച്ചു. നാമും മെത്രാച്ചനും അവരോട് ഗുണദോഷരൂപേണ ഓരോ പ്രസംഗം ചെയ്തു.

ഇന്ന് നമ്മുടെ സമുദായക്കേസ് നമുക്ക് ദോഷമായി വിധിച്ചെന്നു കോട്ടയത്തു നിന്നു മാനേജരച്ചന്റെ കമ്പി വന്നു. നമ്മുടെ ആളുകൾക്കു ഇതു മൂലം യാതൊരു നിരാശയും കാണുന്നില്ല. എല്ലാവർക്കും ഊർജ്ജിതവും വാശിയും ഉത്സാഹവും വർദ്ധിച്ചിട്ടുണ്ട്. പല ആളുകളും സന്ധ്യയോടുകൂടി വന്നിരുന്നു.

22-12-1951. കൽക്കട്ടാ. രാവിലെ നാമും മെത്രാച്ചനും കൂടി ഓക്സ്ഫോർഡ് മിഷൻകാരുടെ ആശ്രമം സന്ദർശിച്ചു. അവിടെ രോഗിയായി കിടന്നിരുന്ന ഫാ. ഷോറിനെ കണ്ടു. അദ്ദേഹത്തിനും മറ്റ് അച്ചന്മാർക്കും അത്യധികം സന്തോഷമായിരുന്നു. അദ്ദേഹത്തിന്റെ തലയ്ക്കു പിടിച്ചു പ്രാർത്ഥിക്കണമെന്ന് പറഞ്ഞതനുസരിച്ചു പ്രാർത്ഥന നടത്തി. അച്ചന്മാർ ചാപ്പൽ നമ്മെ കൊണ്ടുപോയി കാണിച്ചു. ചാപ്പലിൽ വച്ച് അവർ മുട്ടുകുത്തി നമ്മിൽ നിന്നും അനുഗ്രഹം പ്രാപിച്ചു.

ഉച്ചകഴിഞ്ഞ് അർമ്മീനിയൻ അച്ചന്മാരുടെ ക്ഷണപ്രകാരം ടി പള്ളി സന്ദർശിച്ചു. അച്ചന്മാരും ശെമ്മാശന്മാരും സ്ഥാനവസ്ത്രങ്ങൾ ധരിച്ചുകൊണ്ട് പ്രത്യേകം ഗീതങ്ങൾ ചൊല്ലി നമ്മെ മദ്ബഹായിലേക്കു ആനയിച്ചു. ലുത്തിനിയാ കഴിഞ്ഞ് എല്ലാവരും കൈമുത്തി. അതിനുശേഷം ഒരു ടീ പാർട്ടിയും ഉണ്ടായിരുന്നു. ഇതിൽ ടി ഇടവക പ്രധാനികളിൽ ചിലരും സംബന്ധിച്ചു. നമ്മോടുകൂടി മെത്രാച്ചനും വികാരി സി. എ. ഏബ്രഹാം കത്തനാരും വന്നിരുന്നു. മൂന്നര മണിക്ക് അവിടെ നിന്നും സെന്റ് ജോൺസ് പള്ളി സന്ദർശിച്ചു. അവിടുത്തെ വികാരി ഫാ. ജാൻസൺ വളരെ കാര്യമായി നമ്മെ സ്വീകരിച്ച് കുശലപ്രശ്നങ്ങൾ നടത്തി. മെത്രാച്ചൻ അവിടെ നിന്നും മാർത്തോമ്മാക്കാരുടെ ക്ഷണമനുസരിച്ച് അവരുടെ സോഷ്യലിൽ സംബന്ധിപ്പാൻ പോയി. നാം ബിഷപ്പ് കോളജിലേക്കും പോന്നു. ഇന്ന് നമ്മുടെ ആളുകൾ വന്ന് നമ്മെ കണ്ടുകൊണ്ടിരുന്നു. നമ്മുടെ ജോൺ മത്തായിയും, പി. എം. ജോസഫിന്റെ മകൻ ബേബിയും, വള്ളക്കാലിലെ തമ്പിയും, എറണാകുളത്തുകാരൻ മത്തായിയും ഉമയാറ്റുകരെ അച്ചന്റെ മകൻ കുഞ്ഞച്ചനും, കൈപ്പട്ടൂർകാരൻ കൊച്ചനും വളരെ ഉത്സാഹത്തോടു കൂടി നമ്മുടെ കാര്യങ്ങൾ നോക്കുന്നുണ്ട്. ശെമ്മാശന്മാരും എപ്പോഴും വന്ന് അന്വേഷിക്കുന്നുണ്ട്.

23-12-1951. കൽക്കട്ടാ. രാവിലെ സെന്റ് ജെയിംസ് പള്ളിയിൽ എത്തി വി. കുർബ്ബാന അർപ്പിച്ചു. മെത്രാച്ചൻ കുർബ്ബാനമദ്ധ്യേ പ്രസംഗം ചെയ്തു. വളരെ ആളുകൾ കൂടിയിരുന്നു. അർമ്മീനിയൻ അച്ചന്മാർ വന്ന് കാപ്പ ധരിച്ചുകൊണ്ട് മദ്ബഹായിൽ നിന്ന് കുർബ്ബാന കാണുകയുണ്ടായി. അവരുടെ ഇടവകയിൽ നിന്നും പലരും, മാർത്തോമ്മാക്കാരും സി.എം.എസ്. കാരും മറ്റും ഇതിൽ സംബന്ധിച്ചു. കുർബ്ബാന കഴിഞ്ഞ് എല്ലാവരും കൈമുത്തി പിരിഞ്ഞു.

ഉച്ചകഴിഞ്ഞ് നാലു മണിക്ക് നമ്മുടെ ബഹുമാനാർത്ഥം കൂടുന്ന പബ്ലിക് മീറ്റിംഗിൽ സംബന്ധിപ്പാനായി വൈ.ഡബ്ലിയു.സി.എ. ഹാളിൽ പോയി. യോഗത്തിൽ ഇന്ത്യൻ മെത്രാപ്പോലീത്താ മുക്കർജി ആദ്ധ്യക്ഷം വഹിച്ചു. ഫാ. മാക്ബത്ത് (ഓക്സ്ഫോർഡ് മിഷൻ സുപ്പീരിയർ), സെറാമ്പൂർ കോളജ് പ്രിൻസിപ്പാൾ ഫാ. ഏബ്രഹാം, സെന്റ് പോൾസ് കോളജ് പ്രിൻസിപ്പാൾ മി. അസ്സി, ബങ്കാൾ ക്രിസ്ത്യൻ നേതാവ് മി. എ. ഡി. ഖാൻ മുതലായവർ പ്രസംഗിച്ചു. അനന്തരം മി. എം. സി. ഏബ്രഹാം (എം. എ. ചാക്കോയുടെ മകൻ) ഒരു മംഗളപത്രം കൽക്കട്ടാ ഇടവക വകയായി വായിച്ച് നമുക്കു സമർപ്പിച്ചു. നാം അതിന് സമുചിതമായ മറുപടി പ്രസംഗം ചെയ്തു. മെത്രാച്ചൻ ഇംഗ്ലീഷിൽ തർജ്ജമ ചെയ്തു കേൾപ്പിച്ചു. യോഗത്തിൽ അഞ്ഞൂറിൽപ്പരം ആളുകൾ സംബന്ധിച്ചിരുന്നു. ആറര മണിക്ക് യോഗം അവസാനിച്ചു.

ഇന്ന് കോട്ടയത്തു നിന്നും മാനേജരച്ചന്റെ എഴുത്തും, മണലിൽ യാക്കോബ് കത്തനാരുടെ എഴുത്തും വന്നിരുന്നു. കേസ് നമുക്ക് പരിപൂർണ്ണമായി ദോഷമായി വിധിച്ചെന്നും, അതു മൂലം നമ്മുടെ ആളുകൾക്ക് എല്ലാ സ്ഥലത്തും അത്യധികമായ ഉത്സാഹവും ഊർജ്ജിതവും ഉണ്ടായിട്ടുണ്ടെന്നും, ഇന്ന് സമുദായപ്രമാണികളിൽ പലരും പഴയസെമിനാരിയിൽ കൂടി ഭാവികാര്യങ്ങളെപ്പറ്റി ആലോചിക്കുന്നുണ്ടെന്നും മറ്റും എഴുത്തിൽ പറഞ്ഞിരുന്നു. പരുമല അച്ചൻ ഡാക്കായ്ക്കു പോയി.

24-12-1951. കൽക്കട്ടാ. രാവിലെ അർമ്മീനിയൻ പള്ളിയിൽ എത്തി വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ ബിഷപ്സ് കോളജിൽ പഠിക്കുന്ന ഉമ്മൻ ശെമ്മാശനും ജോർജ് ശെമ്മാശനും പൂർണ്ണ ശെമ്മാശുപട്ടം നൽകി. അർമ്മീനിയൻ പട്ടക്കാർ നേരത്തെ പള്ളിയിൽ വന്നിരുന്നു. അർമ്മീനിയൻ ഇടവകക്കാരിൽ അമ്പതു പേരോളം ഇതിൽ സംബന്ധിച്ചു. നമ്മുടെ ആളുകളിലും അധികംപേരും പള്ളിയിൽ വന്നിരുന്നു. ബിഷപ്സ് കോളജ് പ്രിൻസിപ്പൽ Samphia യും അഞ്ചാറു വിദ്യാർത്ഥികളും പട്ടംകൊട കാണ്മാൻ വന്നിരുന്നു. വികാരി സി. എ. ഏബ്രഹാം കാപ്പ ധരിച്ചുകൊണ്ട് ശുശ്രൂഷയിൽ സംബന്ധിച്ചിരുന്നു. കുർബ്ബാന കഴിഞ്ഞ് അംശവസ്ത്രങ്ങളോടു കൂടിത്തന്നെ ഒരു ഗ്രൂപ്പ് ഫോട്ടോ എടുക്കുകയുണ്ടായി. അച്ചന്മാർക്കും ജനങ്ങൾക്കും വലിയ സന്തോഷമായിരുന്നു. കുർബ്ബാനാനന്തരം അവരുടെ വകയായി ഒരു കാപ്പി സൽക്കാരം ഉണ്ടായിരുന്നു. കാപ്പി കഴിഞ്ഞ് കൽക്കത്താ മെത്രാപ്പോലീത്താ മുക്കർജിയെ കാണ്മാൻ അദ്ദേഹത്തിന്റെ അരമനയിൽ പോയി. അദ്ദേഹം ഞങ്ങളെ വളരെ സന്തോഷത്തോടെ സ്വീകരിച്ച് കാപ്പിയും മറ്റും തന്നു. മദ്രാസ് പള്ളിക്കാര്യം അദ്ദേഹത്തോടു പറഞ്ഞപ്പോൾ യാതൊരു പ്രയാസവും ഇല്ലാതെ നമ്മുടെ പേർക്ക് എഴുതിത്തന്നുകൊള്ളാമെന്നും അതിനായി ടി വിവരങ്ങൾ കാണിച്ച് നാം അദ്ദേഹത്തിന്റെ പേർക്ക് എഴുതണമെന്നും പറഞ്ഞു. അരമണിക്കൂർ നേരം അവിടെ താമസിച്ചശേഷം തിരിച്ച് ബിഷപ്സ് കോളജിൽ എത്തി.

നാലു മണിക്ക് കോളജ് ഗ്രൗണ്ടിൽ വച്ച് നമ്മുടെ ബഹുമാനാർത്ഥം ഇടവകക്കാരുടെ വക ഒരു ഗാർഡൻ പാർട്ടി നടത്തി. അതിൽ പല മാന്യന്മാരും, ഉദ്യോഗസ്ഥന്മാരും, അർമ്മീനിയൻ പട്ടക്കാരും പ്രധാനികളും മറ്റുമായി അഞ്ഞൂറോളം ആളുകൾ പങ്കുകൊണ്ടു. പാർട്ടി സമയത്ത് നാമും മെത്രാച്ചനും ചുറ്റി നടന്ന് ആളുകളെ പരിചയപ്പെട്ടുകൊണ്ടിരുന്നു. വികാരി സി. എ. ഏബ്രഹാം കത്തനാർ അതിഥികളെ പരിചയപ്പെടുത്തിക്കൊണ്ടിരുന്നു. ആറു മണിക്ക് വികാരിയുടെ ഒരു നന്ദി പറച്ചിലോടു കൂടി പാർട്ടി അവസാനിച്ചു. അനന്തരം ബിഷപ്സ് കോളജ് പ്രിൻസിപ്പലിന്റെ അപേക്ഷയനുസരിച്ച് കോളജ് ലൈബ്രറിയും ചാപ്പലും സന്ദർശിച്ചു. പരുമല അച്ചൻ വന്നു.

അടുത്ത തിങ്കളാഴ്ച കോട്ടയത്ത് എത്തണമെന്നു കമ്പി വന്നതിനാൽ ജബൽപൂർ, സെക്കന്ത്രബാദ് മുതലായ സ്ഥലങ്ങളിലേക്കുള്ള പ്രോഗ്രാം കാൻസൽ ചെയ്ത് നാളെ മദ്രാസിനു തിരിക്കുന്നതിനു തീരുമാനിച്ചു.

25-12-1951. കൽക്കട്ടാ. രാവിലെ ചാത്തന്നൂർക്കാരൻ കുഞ്ഞൂഞ്ഞിന്റെ വീട്ടിൽ പോയി പ്രാർത്ഥന നടത്തി. കാപ്പി കഴിഞ്ഞ് തിരിച്ചു പോന്നു. പത്തു മണിക്ക് ഈ ഇടവകയുടെ വകയായി ഒരു പൊതുയോഗം കോളജ് ഹാളിൽ വച്ച് നമ്മുടെ അദ്ധ്യക്ഷതയിൽ കൂടി. മെത്രാച്ചൻ ഇടവകയുടെ പുരോഗമനത്തെപ്പറ്റിയും, കാതോലിക്കാ സിംഹാസനത്തെപ്പറ്റിയും, അതിൽ ജനങ്ങൾ ഉറച്ചുനിൽക്കണമെന്നും മറ്റും ശക്തിയായി പ്രസംഗിച്ചു. അനന്തരം വികാരി സി. എ. ഏബ്രഹാം കത്തനാരും, ജോഷ്വാ ശെമ്മാശനും, പി. കെ. വർക്കിയുടെ മകൻ കുരുവിളയും പ്രസംഗിച്ചു. പിന്നീട് കാതോലിക്കാ സിംഹാസനത്തോടും നമ്മോടുമുള്ള വിശ്വാസത്തെയും മറ്റും രേഖപ്പെടുത്തിയും എപ്പോഴും അതിൻകീഴിൽ നിന്നുകൊണ്ട് അതിനുവേണ്ടി സർവ്വ കഴിവുകളും ചെയ്തുകൊള്ളാമെന്നും കാണിച്ചുകൊണ്ട് രണ്ടു പ്രമേയങ്ങളും, ബോംബെ, മദ്രാസ് മുതലായ ഇടവകകളുടെ ഭരണഘടന പോലെ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് നിശ്ചയിക്കുന്ന ഒരു ഭരണഘടന കൽക്കട്ടാ പള്ളിക്കാർക്കും എത്രയുംവേഗം നിശ്ചയിച്ച് അയച്ചുതരണമെന്നുള്ള ഒരു പ്രമേയവും അവതരിപ്പിച്ച് പാസ്സാക്കി. അതിനുശേഷം, കേസ് തോറ്റ ഈ അവസരത്തെപ്പറ്റിയും, ഇനിയും നാം ചെയ്യേണ്ട സംഗതികളെപ്പറ്റിയും മറ്റും ഒരു പ്രസംഗം ചെയ്തു. പ്രാർത്ഥനയ്ക്കുശേഷം ഒരു മണിക്ക് യോഗം അവസാനിച്ചു.

ഉച്ചകഴിഞ്ഞ് മൂന്നര മണിക്ക് മദ്രാസിനു പോകുന്നതിനു റെയിൽവേ സ്റ്റേഷനിലേക്കു തിരിച്ചു. സ്റ്റേഷനിൽ അനവധിയാളുകൾ നമ്മെ യാത്ര അയക്കുന്നതിനു കൂടിയിരുന്നു. വികാരിയച്ചനും നമ്മോടു കൂടി സ്റ്റേഷൻ വരെ വന്നു. നമുക്കായി ബുക്ക് ചെയ്തിരുന്ന കമ്പാർട്ട്മെന്റ് പലവിധ വർണ്ണങ്ങളുള്ള കടലാസുകളാലും മറ്റും കമനീയമായി അലങ്കരിച്ചിരുന്നു. 4.40-നു ട്രെയിൻ വിട്ടു. അപ്പോൾ സ്റ്റേഷനിൽ ഹുറേ വിളി മുഴങ്ങിക്കൊണ്ടിരുന്നു.

26-12-1951. കൽക്കട്ടാ-മദ്രാസ്. ഇന്ന് മുഴുവൻ ട്രെയിനിൽ ആയിരുന്നു. രാത്രി ഒരുവിധം നല്ല തണുപ്പായിരുന്നു.

27-12-1951. മദ്രാസ്. രാവിലെ ഏഴു മണിക്ക് മദ്രാസ് സെൻട്രൽ സ്റ്റേഷനിൽ എത്തി. സ്റ്റേഷനിൽ ഗബ്രിയേൽ കത്തനാരും, സി. പി. മാത്തനും, കെ. എം. ഉമ്മനും, മറ്റു പലരും സന്നിഹിതരായിരുന്നു. എല്ലാവരും കൂടി പള്ളിയിൽ വന്നു. ലുത്തിനിയാ കഴിഞ്ഞ് ഞങ്ങൾ ഇവിടെ താമസിച്ചു. എട്ടര മണിക്ക് കോട്ടയത്തു നിന്നും പി. എൻ. നൈനാൻ വന്നിരുന്നു. കേസ് ദോഷമായി വിധിച്ചതുകൊണ്ട് കോട്ടയത്തുകാരുടെ നിലയെപ്പറ്റിയും മറ്റും പറഞ്ഞു. അവിടെ എതൃസൈഡുകാർ യാതൊരു ബഹളവും കാണിക്കുന്നില്ല. നമ്മുടെ ആളുകൾ വളരെ ധൈര്യമായും, വാശിയോടും, ഉത്സാഹത്തോടും കൂടി ഇരിക്കുന്നു. ഞായറാഴ്ച ഉച്ചകഴിഞ്ഞ് സെമിനാരിയിൽ വച്ച് ഒരു മീറ്റിംഗ് കൂടി. വട്ടക്കുന്നേൽ റമ്പാച്ചൻ ആദ്ധ്യക്ഷം വഹിച്ചു. രണ്ടായിരത്തിൽപരം ആളുകൾ നാനാഭാഗത്തു നിന്നും കൂടിയിരുന്നു. റമ്പാച്ചനും, കുറിയാക്കോസ് റമ്പാച്ചനും, മാമ്മൻ മാപ്പിളയും, ടി. എസ്. ഏബ്രഹാം കത്തനാരും, കെ. എം. സഖറിയാ മുതൽപേർ ജനങ്ങൾക്ക് ഉത്തേജനം നൽകത്തക്കവിധം പ്രസംഗങ്ങൾ ചെയ്തു. ചില പ്രമേയങ്ങൾ പാസ്സാക്കി. അതിൽ നാം തിരിച്ച് നാട്ടിൽ എത്തുമ്പോൾ (31-നു തിങ്കൾ) അടൂർ മുതൽ കോട്ടയം വരെ വളരെ അധികം കാറുകളുടെ അകമ്പടിയോടു കൂടി ഒരു സ്വീകരണ ഘോഷയാത്ര നടത്തണമെന്നു തീരുമാനിച്ചു. കാതോലിക്കേറ്റ് അരമനയ്ക്കു സ്ഥലം ഉടനെ വാങ്ങി അരമനയും ചാപ്പലും എത്രയുംവേഗം പണി കഴിപ്പിക്കണമെന്നും മറ്റും തീരുമാനിച്ചു. മാമ്മൻ മാപ്പിളയ്ക്കും മറ്റും വലിയ ഉത്സാഹമുണ്ടെന്നും മറ്റുമുള്ള വിവരങ്ങൾ വിശദമായി പറഞ്ഞു. സുപ്രീം കോടതിയിൽ പോകുന്നതിന് വക്കീലന്മാരും ആലോചിക്കുന്നുണ്ട്. നൈനാൻ ഉച്ചകഴിഞ്ഞ് കോട്ടയത്തിനു പോയി.

ഉച്ചകഴിഞ്ഞ് ഇവിടെയുള്ള അർമ്മീനിയൻ പള്ളിയിൽ നാമും മെത്രാച്ചനും കൂടി പോയി. അവിടുത്തെ വികാരി വളരെ കാര്യമായി സ്വീകരിച്ചു. നാം പള്ളിയിൽ എത്തി ലുത്തിനിയാ കഴിച്ചു. അനന്തരം വികാരി സ്ഥാനവസ്ത്രങ്ങൾ ധരിച്ച് നമ്മെ ഒരു സിംഹാസനത്തിൽ ഇരുത്തി ചില സ്തുതിപ്പുകൾ വായിച്ചു. അതിനുശേഷം പള്ളിയും സ്ഥലങ്ങളും ചുറ്റിനടന്നു കണ്ടശേഷം തിരിച്ച് പള്ളിയിലേക്കു പോന്നു. രാത്രി താമസിച്ചു.

28-12-1951. രാവിലെ സി. പി. മാത്തൻ കാറുമായി വന്നു. നാമും മാത്തനും കൂടി നമ്മുടെ രക്തം പരിശോധിക്കുന്നതിനായി ഡോ. കെ. പി. പോളിന്റെ അഭിപ്രായപ്രകാരം ഡോ. രാജയുടെ വസതിയിൽ പോയി. അവിടെ ഡോ. പോൾ വന്നിരുന്നു. രാജ അഞ്ചു പ്രാവശ്യം രക്തമെടുത്ത് പരിശോധിച്ചു. പത്തു മണിയോടു കൂടി തിരിച്ച് പള്ളിയിൽ എത്തി. പരിശോധനയ്ക്കു ഡോക്ടർ യാതൊന്നും വാങ്ങിയില്ല.

ഉച്ചയ്ക്കു രക്തം പരിശോധിച്ചതിന്റെ റിപ്പോർട്ടുമായി പോൾ വന്നിരുന്നു. രക്തത്തിൽ കുറെ പഞ്ചസാര ഉണ്ടെന്നും ഭക്ഷണം ക്രമപ്പെടുത്തണമെന്നും, ചില ചികിത്സകൾ ചെയ്യുന്നതിന് രണ്ടാഴ്ച അവിടെ താമസിക്കണമെന്നും പറഞ്ഞു. ഇപ്പോൾ പോകേണ്ട ആവശ്യം ഉള്ളതുംകൊണ്ട് നാട്ടിൽ ചെന്നശേഷം ഒരു മാസത്തിനകം തിരിച്ചുവരാമെന്നു പറഞ്ഞു.

സന്ധ്യയ്ക്ക് 7.30-നുള്ള ട്രെയിനിൽ ചെങ്കോട്ടയ്ക്കു തിരിച്ചു. സി.പി. മാത്തനും കെ. എം. ഉമ്മനും വികാരിയച്ചനും മാണിയും മറ്റ് അനേകം ആളുകളും വന്നിരുന്നു. രാത്രി ട്രെയിനിൽ കിടന്നു. രാത്രി മൂന്നു മണിക്ക് തൃശ്നാപ്പള്ളിയിൽ എത്തിയപ്പോൾ അവിടെ നിന്നും നമ്മുടെ അച്ചന്മാരും മറ്റ് നമ്മുടെ ആളുകളും വന്ന് നമുക്ക് ഒരു വലിയ കത്തിച്ച തിരി തന്നു സ്വീകരിച്ചു.

29-12-1951. ട്രെയിൻ-ചെങ്കോട്ട. ഉച്ചയ്ക്ക് 12 മണിക്ക് ട്രെയിൻ ചെങ്കോട്ട സ്റ്റേഷനിൽ എത്തി. അവിടെ ഈപ്പൻ കത്തനാർ നമ്മുടെ കാറുമായി കോട്ടയത്തു നിന്നും വന്നിരുന്നു. ഊണു കഴിഞ്ഞ് റ്റി.ബി. യിലേക്കു തിരിച്ച് അവിടെ താമസിച്ചു. രാത്രിയിൽ പുനലൂർ നിന്നും ടി. കെ. ഉമ്മനും മറ്റും വന്ന് ചില സംഗതികൾ പറഞ്ഞു.

(തുടരും)

അച്ചാമ്മ മത്തായി: പത്മശ്രീ ജേതാവും അചഞ്ചലയായ വനിതാ അൽമായ നേതാവും

തമ്പി കല്ലൂപ്പുരയ്ക്കൽ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ബോംബെ ഭദ്രാസന ത്തിന്റെ ചരിത്രത്തിൽ, ശ്രീമതി അച്ചാമ്മ മത്തായിയുടെ ഭക്തിനിർഭരമായ സേവനത്തിന് സവിശേഷമായ സ്ഥാനമുണ്ട്. അവരുടെ ദീർഘവീക്ഷണവും നേതൃത്വപാടവവും അക്ഷീണമായ സമർപ്പണവും കേരളത്തിന് പുറത്ത് മലങ്കര ഓർത്തഡോക്സ് സഭയുടെ സാന്നിധ്യം സ്ഥാപിക്കുന്നതിൽ നിർണായക പങ്ക് വഹിച്ചു.

ബോംബെയിൽ സഭ രൂപീകരിക്കുന്നതിൽ അണിയറയിലെ നിർണ്ണായക പങ്ക്

മലങ്കര ഓർത്തഡോക്സ് സഭയുടെ, കേരളത്തിന് പുറത്ത് സ്ഥാപിതമായ ആദ്യത്തെ പള്ളികളിലൊന്നായ ദാദർ ഓർത്തഡോക്സ് പള്ളി 1951 ഡിസംബ റിൽ കൂദാശ ചെയ്യപ്പെട്ടു. പള്ളിക്കായി സ്ഥലം ഏറ്റെടുക്കുന്നതിൽ അച്ചാമ്മ മത്തായി നിർണായക പങ്കുവഹിക്കുകയും അതിന്റെ നിർമ്മാണത്തിനായി ധന സമാഹരണാർത്ഥം രാജ്യത്തുടനീളം വ്യാപകമായി യാത്ര ചെയ്യുകയും ചെയ്തു. അവരുടെ പ്രതിബദ്ധതയും സംഘടനാപരമായ കഴിവും ഇടവകയുടെ വിജയകരമായ സ്ഥാപനത്തിന് നിർണായകമായിരുന്നു.

അച്ചാമ്മ മത്തായിയുടെ സ്വാധീനവും വ്യക്തിബന്ധങ്ങളും കാരണം, ബോംബെ ഗവർണർ മഹാരാജ് സിംഗും അദ്ദേഹത്തിന്റെ പത്നിയും 1951 ഡിസം ബർ 9-ന് നടന്ന കൂദാശാ ചടങ്ങിൽ പങ്കെടുത്തു. അച്ചാമ്മ മത്തായിയുടെ മുൻകൈയാൽ, പൗരസ്ത്യ കാതോലിക്കാ ബസേലിയോസ് ഗീവർഗീസ് ദ്വിതീ യൻ ബാവായുടെ ബഹുമാനാർത്ഥം ഒരു പൊതുയോഗം സംഘടിപ്പിച്ചു. ഗവർ ണർ അദ്ധ്യക്ഷത വഹിച്ച ഈ യോഗത്തിൽ നിരവധി വിശിഷ്ട വ്യക്തികളും പങ്കെടുത്തു. ഇത് ബോംബെയിലെ സഭാചരിത്രത്തിൽ ഒരു അഭൂതപൂർവമായ നിമിഷമായിരുന്നു.

സാമൂഹിക സാക്ഷ്യം, ജീവകാരുണ്യ പ്രവർത്തനം, ദേശീയ അംഗീകാരം

സഭയ്ക്ക് നൽകിയ സംഭാവനകൾക്ക് പുറമെ, അച്ചാമ്മ മത്തായി ഒരു പ്രമുഖ സാമൂഹിക പ്രവർത്തകയും വനിതാവകാശ പ്രവർത്തകയുമായിരുന്നു. ഭർ ത്താവ് കേന്ദ്രമന്ത്രിസഭയിൽ സേവനമനുഷ്ഠിച്ചിരുന്ന കാലത്ത് ഡൽഹിയിൽ സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സജീവമായി ഏർപ്പെട്ടി രുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യ ലബ്ധിയെത്തുടർന്ന്, വർഗീയ കലാപങ്ങളിലെ ഇരകളുടെ പുനരധിവാസത്തിനായി സുചേത കൃപലാനിയുമായി ചേർന്ന് പ്രവർ ത്തിച്ചു.

1955-ൽ ലൈബ്രറികൾക്കായുള്ള ഉപദേശക സമിതിയിൽ അംഗമായും 1960-കളുടെ തുടക്കത്തിൽ സെൻട്രൽ സോഷ്യൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ ചെയർപേഴ്സണായും പൊതുസേവന രംഗത്ത് സജീവമായിരുന്നു. നിരവധി വർഷക്കാലം വൈ.ഡബ്ല്യു.സി.എ. ഓഫ് ഇന്ത്യയുടെ പ്രസിഡന്റായും സേവനമനുഷ്ഠിച്ചു.

തൃശൂർ പട്ടണത്തിലുള്ള തന്റെ തറവാട്ടു ബംഗ്ലാവും 18 ഏക്കർ സ്ഥലവും സാമ്പത്തികശാസ്ത്രത്തിൽ അധ്യാപനത്തിനും ഗവേഷണത്തിനുമായി ഒരു കേന്ദ്രം സ്ഥാപിക്കുന്നതിന് കോഴിക്കോട് സർവകലാശാലയ്ക്ക് അച്ചാമ്മ മത്തായി ദാനം ചെയ്തു. തൽഫലമായി, സർവ്വകലാശാല 1976-ൽ തൃശൂരിൽ ഡോ. ജോൺ മത്തായി സെന്റർ സ്ഥാപിച്ചു. യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സോടെയാണ് ഇത് ആരംഭിച്ചത്. ഈ കേന്ദ്രം പിന്നീട് ഇൻഫർമേഷൻ ടെക്നോളജി, ഇക്കണോമിക്സ്, മാനേജ്മെന്റ്, തിയേറ്റർ ആർട്സ്, സംഗീതം എന്നീ വിഷയങ്ങളിൽ കോഴ്സുകൾ നൽകുന്നതിനായി



അച്ചാമ്മ മത്തായി ഇന്ദിരാ ഗാന്ധിക്കൊപ്പം

വികസിച്ചു. ഇത് അച്ചാമ്മ മത്തായിയുടെ ദീർഘവീക്ഷണത്തിന്റെ ശാശ്വതമായ സാക്ഷ്യപത്രമായി നിലകൊള്ളുന്നു.

സമൂഹത്തിന് നൽകിയ മികച്ച സംഭാവനകളെ മാനിച്ച്, 1954-ൽ രാജ്യം അച്ചാമ്മ മത്തായിക്ക് പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു. ഈ അഭിമാന കരമായ സിവിലിയൻ ബഹുമതിയുടെ ആദ്യകാല ജേതാക്കളിലൊരാളും ആദ്യത്തെ മലയാളി വനിതയുമായി അവർ മാറി.

കുടുംബവും പൈതൃകവും

പൊതുജീവിതത്തിൽ സജീവമായി ഏർപ്പെട്ടിരുന്ന ഒരു കുടുംബത്തിൽ നിന്നാണ് അച്ചാമ്മ മത്തായി വരുന്നത്. സഭയുടെ ബഥനി ആശ്രമത്തിന് 100 ഏക്കർ ഭൂമി ദാനം ചെയ്ത ഇലഞ്ഞിക്കൽ ജോൺ വക്കീലിന്റെ മകളായിരുന്നു അവർ. അച്ചാമ്മയുടെ ഭർത്താവ് ഇന്ത്യയുടെ മുൻനിര നേതാക്കളിലൊരാളായ പത്മവിഭൂഷൺ ഡോ. ജോൺ മത്തായി ആയിരുന്നു. സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ റെയിൽവേ മന്ത്രി, പിന്നീട് ധനമന്ത്രി, ഇന്ത്യൻ ഭരണഘടനാ സമിതി യിലെ അംഗം, ബോംബെ സർവകലാശാലയുടെയും കേരള സർവകലാശാലയു ടെയും വൈസ് ചാൻസലർ എന്നീ നിലകളിൽ ഡോ. ജോൺ മത്തായി സേവനമ നുഷ്ഠിച്ചു.

അവരുടെ പ്രഗത്ഭരായ സഹോദരന്മാർ ഇവരായിരുന്നു:

ഇ. ജോൺ കുരുവിള - സ്റ്റേറ്റ് കോൺഗ്രസ് പ്രസിഡന്റ്
ഇ. ജോൺ സിറിയക്
ഇ. ജോൺ ഫിലിപ്പോസ് - തിരു-കൊച്ചി സംസ്ഥാന മന്ത്രി
ഇ. ജോൺ ജേക്കബ് - കേരള സംസ്ഥാന മന്ത്രി

അവരുടെ മക്കളായ ദിലീപ് മത്തായി, രവി മത്തായി എന്നിവരിലൂടെ അവരുടെ പൈതൃകം തുടരുന്നു. ഇവരിൽ രവി മത്തായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, അഹമ്മദാബാദിന്റെ സ്ഥാപകനാണ്. ബോംബെ ഭദ്രാസനത്തിന്റെയും വിശാലമായ മലങ്കര ഓർത്തഡോക്സ് സഭയുടെയും ചരിത്രരേഖകളിൽ, അവരുടെ ഓർമ്മ ഒരു യഥാർത്ഥ വിശ്വാസിയായും രാജ്യസേവകയായും നിലനിൽക്കുന്നു.

1898 ഫെബ്രുവരി 21-നാണ് അച്ചാമ്മ മത്തായി ജനിച്ചത്. തിരുവനന്തപുരത്തായിരുന്നു അവരുടെ വിദ്യാഭ്യാസം. ബി.എ (ഓണേഴ്സ്) ബിരുദത്തിനായി അവരെ കൽക്കട്ടയിലെ സെന്റ് ജോൺസ് ഡയോസിഷ്യൻ കോളജിലേക്ക് അയച്ചു. അക്കാലത്ത് കേരളത്തിന് പുറത്ത് പഠനം നടത്തിയ ആദ്യകാല വനിതകളിൽ ഒരാളായിരുന്നു അവർ. ആകർഷകമായ വ്യക്തിത്വത്തിനും ബുദ്ധിശക്തിക്കും ഉടമയായിരുന്ന അവർ പൊതുജീവിതത്തിലെ നിരവധി പദവികൾ അലങ്കരിച്ചു.

വിഭജനത്തിനു ശേഷം അഭയാർത്ഥികൾക്കായുള്ള സേവനത്തിൽ അവരുടെ സംഭാവന വളരെ വലുതായിരുന്നു. ഡോ. ജോണിന്റെ ഭാര്യ എന്ന നിലയിൽ അവർ അദ്ദേഹത്തിന് ഒരു യഥാർത്ഥ മുതൽക്കൂട്ട് ആയിരുന്നു. പല സുപ്രധാന കാര്യങ്ങളിലും അദ്ദേഹം അവരോട് ഉപദേശം തേടിയിരുന്നു. അവർ പരസ്പരം അർപ്പണബോധമുള്ള ദമ്പതികളായിരുന്നു. സ്വന്തം കഴിവുകൾകൊണ്ട് പൊതുരംഗത്ത് സ്വതന്ത്രമായ സ്ഥാനവും അംഗീകാരവും നേടാൻ അവർക്ക് കഴിഞ്ഞു.

അവർ ഒരു ഭക്തയായ ക്രിസ്ത്യാനിയായിരുന്നു, ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് വിലമതിക്കാനാവാത്ത സേവനവും പിന്തുണയും നൽകി. 1947 മുതൽ 1950 വരെ പുനരധിവാസ മന്ത്രാലയത്തിന്റെ വനിതാ വിഭാഗത്തിന്റെ ഹോണററി ഡയറക്ടറായും നിരവധി വർഷക്കാലം സെൻട്രൽ സോഷ്യൽ വെൽഫെയർ ബോർഡിന്റെ ചെയർമാനായും സേവനമനുഷ്ഠിച്ചു.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ രൂപീകരിച്ച പല കമ്മിറ്റികളുമായും അവർ സഹകരിച്ച് പ്രവർത്തിച്ചിരുന്നു. സ്ത്രീകളുടെയും കുട്ടികളുടെയും പ്രശ്നങ്ങൾ



അച്ചാമ്മ മത്തായി ലാൽ ബഹദൂർ ശാസ്ത്രിക്കൊപ്പം.

കൈകാര്യം ചെയ്യുന്ന നിരവധി സംഘടനകളുടെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് പദവികൾ വഹിച്ചു. 1977 ഏപ്രിലിൽ തിരുവനന്തപുരത്തായിരുന്നു അന്ത്യം.

അറിവിന്റെ വെളിച്ചം പകർന്ന ഗുരുനാഥൻ

തിരുവനന്തപുരം: അറിവിന്റെ വെളിച്ചം തലമുറകളിലേക്കു പകർന്നുനൽകി പ്രൊഫ. ജോസഫ് കെ. അലക്സാണ്ടർ വിടവാങ്ങി. വിദ്യാഭ്യാസ ചിന്തകൻ, സാമ്പത്തിക ശാസ്ത്രജ്ഞൻ, അധ്യാപകൻ, ഗവേഷകൻ, ഗ്രന്ഥകാരൻ, ഭരണാധികാരി എന്നീ വിവിധ മേഖലകളിൽ വ്യ ക്തിമുദ്ര പതിപ്പിച്ച അദ്ദേഹം ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഒട്ടേറെ സംഭാവനകൾ നൽകി.

കോട്ടയം നാട്ടകം ഗവ. കോളജിന്റെ സ്ഥാപക പ്രിൻസിപ്പലായിരുന്ന അദ്ദേഹം പാലക്കാട് വിക്ടോറിയ കോളജ്, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജ് എന്നിവിടങ്ങളിലും അധ്യാപകനായിരുന്നു. തുടർന്ന് കൊളീജിയറ്റ് വിദ്യാഭ്യാസ ഡയറക്ടറായും പ്രവർത്തിച്ചു.

ഐഐപി കേരള ഘടകം ചെയർമാൻ, കേരള സർവകലാശാലയുടെ വിവിധ അക്കാദമിക്-ഭരണസമിതികളിൽ അംഗം, ചെയർമാൻ, സിവിൽ സർവീസ് അക്കാദമി ഉൾപ്പെടെ സ്ഥാപനങ്ങളിൽ അധ്യാപകൻ, ഗൈഡ് എന്നീ നിലകളിലും സേവനമനുഷ്ഠിച്ചു.

സഭാ ജീവിതത്തിലും സജീവ സാന്നിധ്യമായിരുന്നു. മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ക്രിസ്ത്യൻ സ്റ്റുഡന്റ്സ് മൂവ്മെന്റിന്റെ (എംജിഒസിഎസ്എം) മുൻ സീനിയർ വൈസ് പ്രസിഡന്റും ട്രഷററുമായിരുന്ന അദ്ദേഹം വിദ്യാർഥി പ്രസ്ഥാനത്തിന്റെ 100 വർഷത്തെ ചരിത്രം പറയുന്ന പുസ്തകവും രചിച്ചു.

മാർ ഗ്രിഗോറിയോസ് സെന്റർ ഫോർ ബ്ലൈൻഡിന്റെ സ്ഥാപക അംഗമാണ്.



പ്രൊഫ. ജോസഫ് കെ അലക്സാണ്ടറുടെ ജന്മ ശതാബ്ദി സമ്മേളനത്തിൽ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായും.


രിയായിരുന്നു. മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ വരണാധികാരിയായിരുന്നു.

കണിയാന്തറ കുടുംബയോഗത്തിന്റെ ദീർഘകാല പ്രസിഡന്റായിരുന്നു. ഒട്ടേറെ ഇംഗ്ലീഷ്-മലയാള ഗ്രന്ഥങ്ങളുടെയും ഗവേഷണ പഠനങ്ങളുടെയും രചയിതാവാണ്.

നൂറ്റാണ്ട് പിന്നിട്ട ഒരു സഫല ജീവിതം

പ്രിയ ജേക്കബ്

പ്രൊഫ. ജോസഫ് കെ അലക്സാണ്ടർ സാർ അത്മായ പ്രേഷിതത്വത്തിന്റെ അനുകരണീയ മാതൃകയാണ്. മേപ്രാൽ കണിയാന്ത്ര അലക്സാണ്ടർ കോർ എപ്പിസ്കോപ്പായുടെ സീമന്ത പുത്രൻ 'എന്റെ ദൈവവും എന്റെ സഭയും' എന്ന ആപ്ത വാക്യവുമായി നൂറു കഴിഞ്ഞും നടന്നുനീങ്ങുന്നത് അതിശയമല്ല. ധനതത്വശാസ്ത്രത്തിൽ അഗ്രഗണ്യനായ അധ്യാപകൻ, ഉന്നത വിദ്യാഭ്യാസ രംഗത്ത് തണ്ടിന്മേൽ ഉയർത്തിയ വിളക്കായിരുന്നു. കേരളത്തിലെ പ്രശസ്തമായ ഗവൺമെന്റ് കോളജുകളിൽ പ്രൊഫസർ, കോട്ടയം നാട്ടകം കോളജിന്റെ ആദ്യ പ്രിൻസിപ്പൽ, സാമ്പത്തിക ശാസ്ത്രത്തിൽ നിരവധി കൃതികളുടെ രചയിതാവ്, കോളേജിയേറ്റ് ഡയറക്ടറായി സ്തുത്യർഹമായ സേവനം. ജന്മം കൊണ്ടും കർമ്മം കൊണ്ടും പ്രശോഭിച്ച വ്യക്തിത്വം.



പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ വാൽസല്യ ശിഷ്യനായ ജോസഫ് സാർ അക്കാലത്ത് നടന്നിട്ടുള്ള മലങ്കര സുറിയാനി അസോസിയേഷന്റെ മുഖ്യ വരണാധികാരിയായി. അദ്ദേഹത്തിന്റെ സഭാ പരിജ്ഞാനവും നേതൃത്വ പാടവവും തീരുമാനങ്ങളിൽ ഉറച്ചു നിൽക്കാനുള്ള ഇച്ഛാശക്തിയും ശ്രദ്ധേയമായിരുന്നു. തിരുവനന്തപുരം ഭദ്രാസനത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥാപനത്തിനും നടത്തിപ്പിനും മുഖ്യ കാര്യദർശിയായി. പ്രതിസന്ധികളിൽ അദ്ദേഹം ഉത്തരങ്ങളുമായി ഇറങ്ങിച്ചെന്നു. സഭാമാതാവിനോടുള്ള പ്രതിബദ്ധത പ്രശംസയ്ക്കോ കാര്യലാഭത്തിനോ, പ്രശസ്തിക്കോ അദ്ദേഹം വഴങ്ങിയില്ല. വാക്കിലും പ്രവർത്തിയിലും നടപ്പിലും എടുപ്പിലും കുലീനൻ.

'വദനം പ്രസാദ സദനം
സദയം ഹൃദയം സുധാ വചോ വാചഃ
കരണം പരോപകരണം
യേഷാം കേഷാം നതേ വന്ദ്യ'

പ്രസന്നതയുടെ ഇരിപ്പിടമായ മുഖം, ദയാപൂർണമായ ഹൃദയം, മധുരമായ വാക്ക്, അന്യർക്കുവേണ്ടി പ്രവർത്തിക്കുന്ന കരങ്ങൾ ഇങ്ങനെയുള്ളവരെ ആരാണ് മാനിക്കാത്തത്.

പുണ്യശ്ലോകനായ ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ് തിരുമേനി 1944-ൽ കോട്ടയത്ത് ഏലിയാ ചാപ്പലിൽ നടന്ന വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ വാർഷിക കോൺഫറൻസിൽ കണ്ടെത്തിയ വളർത്തു പുത്രനായിരുന്നു ജോസഫ് സാർ.

തിരുമേനിയെ അനുസ്മരിച്ച് അദ്ദേഹം എഴുതിയ ലേഖനത്തിന്റെ തലക്കെട്ടു തന്നെ 'വളർത്തച്ഛൻ' എന്നാണ്. പിന്നീട് പ്രൊഫ. ജോസഫ് കെ അലക്സാണ്ടർ സാറിന്റെ ജീവചരിത്രം വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ചരിത്രം കൂടിയാവുകയാണ്.

തിരുമേനിയുടെ വിദ്യാഭ്യാസ ദർശനം തന്റെ നിയോഗവും ഉൾവിളിയും ആണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. നൂറിന്റെ നിറവിലും അദ്ദേഹം വിദ്യാർത്ഥി പ്രസ്ഥാനവുമായുള്ള ബന്ധം തുടരുന്നു. വിദ്യാർത്ഥി പ്രസ്ഥാനം ആരംഭിച്ച പ്രീ. എസ്.എസ്.എൽ.സി. വിദ്യാഭ്യാസ മാർഗനിർദ്ദേശക ക്യാമ്പിന്റെ ജനകനും നിർവാഹകനും അദ്ദേഹമായിരുന്നു. ഈ ക്യാമ്പിൽ അദ്ദേഹം ആയിരക്കണക്കിന വിദ്യാർത്ഥികൾക്ക് കുഞ്ഞുടുപ്പുകൾ തുന്നിയെടുത്തു. ആ ഉടുപ്പുകൾ ധരിച്ചവരൊക്കെ സുന്ദരന്മാരും സുന്ദരികളുമായി മാറി. എത്രയെത്ര ഉദാഹരണങ്ങളാണ് പൊതുസമൂഹത്തിൽ ചൂണ്ടിക്കാണിക്കുവാനുള്ളത്. ഇന്ന് വിവിധ രംഗങ്ങളിൽ

പ. മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ വാൽസല്യ ശിഷ്യനായ ജോസഫ് സാർ അക്കാലത്ത് നടന്നിട്ടുള്ള മലങ്കര സുറിയാനി അസോസിയേഷന്റെ മുഖ്യ വരണാധികാരിയായി. അദ്ദേഹത്തിന്റെ സഭാ പരിജ്ഞാനവും നേതൃത്വ പാടവവും തീരുമാനങ്ങളിൽ ഉറച്ചു നിൽക്കാനുള്ള ഇച്ഛാശക്തിയും ശ്രദ്ധേയമായിരുന്നു.

കാണുന്ന മാർഗനിർദ്ദേശക ക്ലാസുകളുടെ തലതൊട്ടപ്പൻ ആണ് ഈ മഹാനുഭാവൻ. സഭയുടെ ശോഭനമായ ഭാവിയെ സ്വപ്നം കാണുന്ന ഈ അത്മായ ഗുരു സഭയുടെ ഏറ്റവും വലിയ വിഭവ ശേഷിയായ പുതുതലമുറയെ സഭാഗാത്രത്തോട് ചേർത്തുനിർത്തുവാനും ആരാധനയിലും ജീവിതശൈലിയിലും വിദ്യാഭ്യാസരംഗത്തും അവർ ഔന്നത്യത്തിലെത്തുവാനും ബദ്ധ ശ്രദ്ധ പുലർത്തി. വാർദ്ധക്യത്തിന്റെ നിഴൽ വീണ കാലഘട്ടത്തിലും ക്യാമ്പിന്റെ പരിമിതമായ സൗകര്യങ്ങളിൽ വിദ്യാർത്ഥികൾക്കൊപ്പം താമസിച്ച് ക്രിസ്തീയ കാര്യവിചാരകനായി മാതൃകയോടെ പ്രവർത്തിച്ചു. അന്ന് ക്യാമ്പിൽ കണ്ടുമുട്ടിയ ആയിരക്കണക്കിന് വിദ്യാർത്ഥികൾ സഭയോടും സമൂഹത്തോടും വിശ്വസ്തരായി കഴിയുന്നത് ശതാബ്ദിയിൽ അദ്ദേഹത്തിന നിറമുള്ള കാഴ്ചയായിരിക്കും. കമ്പ്യൂട്ടർ കേരളത്തിലെ യുവതലമുറ കൈകാര്യം ചെയ്യും മുമ്പ് അദ്ദേഹത്തിന വഴങ്ങി. എം.ജി.ഒ.സി.എസ്.എം. ന്റെ ജനറൽ അസംബ്ലിയിൽ അദ്ദേഹം അവതരിപ്പിക്കുന്ന കണക്കുകൾ അവയുടെ പകർപ്പുകൾ ഇവയൊക്കെ കമ്പ്യൂട്ടറുമായുള്ള ചങ്ങാത്തത്തിൽ നിന്നായിരുന്നു. ദൂരെനിന്നു കണ്ടപ്പോഴുള്ള ആദരവിനെക്കാൾ പാതിന്മടങ്ങ് അദ്ദേഹത്തെ അടുത്തു കണ്ടപ്പോൾ അനുഭവവേദ്യമായി. ഇന്നും ഒരു ഗുരുപൂജയായി മനസ്സിൽ സൂക്ഷിക്കുന്നു. ഇതൊരു സർവ്വസാധാരണമായ സംഗതിയല്ല. ദൂരെ നിന്നു കാണുന്ന വലിയവർ പലരും സമീപസ്ഥരാകുമ്പോൾ അവർ നമ്മെ നിരാശരാക്കാറുണ്ട്.

'The spiritual Banyan Tree' എന്ന വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ചരിത്രമടങ്ങിയ പുസ്തകം അദ്ദേഹത്തിന്റെ സ്വന്തമാണ്. സ്റ്റീഫൻ കോവി എന്ന ചിന്തകൻ പറയുന്നു, What is this life for to live to love, to learn, To leave a legacy. ഒരു പൈതൃകം സമ്മാനിച്ചു കടന്നുപോകുന്ന ഒലീവ് തൈകളുടെ കാവൽക്കാരനു പ്രണാമം.

❑



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ റിട്ടയേർഡ് പ്രീസ്റ്റ് ഫെലോഷിപ്പ് എക്സിക്യൂട്ടീവ് കമ്മിറ്റി പരുമലയിൽ ഡോ മാത്യൂസ് മാർ തീമോത്തിയോസ് തിരുമേനിയുടെ അധ്യക്ഷതയിൽ കൂടിയപ്പോൾ.

ദരിദ്രയായ വിധവ



സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

വിശുദ്ധ മർക്കോസ് 12:41–44 വരെയുള്ള സംഭവം ആദ്യം നോക്കുമ്പോൾ ഒരു ദേവാലയത്തിലെ സാധാരണ നേർച്ചയിടൽ ദൃശ്യമായി തോന്നാം. എന്നാൽ മറ്റൊരു തരത്തിൽ മനുഷ്യഹൃദയത്തിന്റെ ഏറ്റവും ആഴത്തിലുള്ള സത്യങ്ങൾ വെളിവാകുന്ന ഒരു ദൈവിക നിമിഷമായും നമുക്കതിനെ ദർശിക്കാവുന്നതാണ്. ദൈവാലയത്തിന്റെ വിശാലമായ പ്രാകാരത്തിൽ, ശബ്ദങ്ങളും ചലനങ്ങളും നിറഞ്ഞ ഒരു അന്തരീക്ഷത്തിനിടയിൽ, യേശു ശാന്തമായി ഇരുന്നു ആളുകളുടെ സമർപ്പണങ്ങളെ ശ്രദ്ധാപൂർവ്വം നിരീക്ഷിക്കുകയായിരുന്നു. അവന്റെ ദൃഷ്ടി വെറും പുറംകാഴ്ചകളിൽ നിൽക്കുന്നതല്ലായിരുന്നു; മറിച്ച്, ഓരോ ദാനത്തിന്റെയും പിന്നിലുള്ള മനസ്സിന്റെ ഉദ്ദേശ്യങ്ങളെയും വികാരങ്ങളെയും അന്വേഷിക്കുന്നതായിരുന്നു.

ആ സമയത്ത് ധനികർ ആത്മവിശ്വാസത്തോടെയും ചിലപ്പോൾ അഭിമാനത്തോടെയും അവരുടെ വലിയ സംഭാവനകൾ സമർപ്പിച്ചു. അവരുടെ സമർപ്പണങ്ങൾ ആളുകളുടെ ശ്രദ്ധ പിടിച്ചുപറ്റുകയും പ്രശംസകൾ നേടുകയും ചെയ്തു. എന്നാൽ, ആ തിരക്കിനിടയിൽ ആരും ശ്രദ്ധിക്കാത്ത ഒരു ചെറു നിമിഷം ഉണ്ടായി ഒരു ദരിദ്രയായ വിധവ നിശ്ശബ്ദമായി മുന്നോട്ട് വന്നു. അവളുടെ ചുവടുകൾ മന്ദഗതിയിലും, ജീവിതത്തിന്റെ ഭാരങ്ങൾ അവളെ അടിച്ചമർത്തിയതു പോലെയും തോന്നിച്ചിരിക്കാം. അവൾ കൈയിൽ പിടിച്ചിരുന്നത് വെറും രണ്ട് ചെറിയ നാണയങ്ങൾ മാത്രമായിരുന്നു; എന്നാൽ അവളുടെ ഹൃദയം നിറഞ്ഞിരുന്നത് ദൈവത്തോടുള്ള വിശ്വാസത്താലും സമർപ്പണത്താലുമായിരുന്നു.

ആ രണ്ട് കാശ് നാണയങ്ങൾ ശബ്ദമില്ലാതെ നേർച്ചപെട്ടിയിൽ വീണപ്പോൾ, അത് മനുഷ്യരുടെ ചെവികൾക്ക് കേൾക്കാത്ത ഒരു ശബ്ദമായിരുന്നു, പക്ഷേ ദൈവത്തിന്റെ ഹൃദയത്തിൽ അത് ഒരു വലിയ പ്രഖ്യാപനമായി മുഴങ്ങി. പുറമേ കാണുമ്പോൾ അതിന്റെ മൂല്യം വളരെ ചെറുതായിരുന്നു; എന്നാൽ ആത്മീയമായി അത് അളക്കാനാവാത്ത മഹത്വം വഹിച്ചു. കാരണം, അവൾ നൽകിയതിൽ വെറും പണം മാത്രമല്ല, തന്റെ ജീവിതത്തിന്റെ വിശ്വാസവും പ്രത്യാശയും ദൈവത്തിനോടുള്ള സമ്പൂർണ്ണ ആശ്രയവും ഉൾക്കൊണ്ടിരുന്നു.

ഈ നിമിഷം നമ്മെ വളരെ ഗൗരവമായ ഒരു സത്യത്തിലേക്ക് നയിക്കുന്നു: ദൈവം കാണുന്നത് മനുഷ്യർ കാണുന്നതുപോലെയല്ല. മനുഷ്യർ അളവുകളും കണക്കുകളും നോക്കുമ്പോൾ, ദൈവം ഹൃദയത്തിന്റെ സത്യസന്ധതയും ഉദ്ദേശ്യത്തിന്റെ വിശുദ്ധിയും പരിശോധിക്കുന്നു. "മനുഷ്യൻ കണ്ണിനു കാണുന്നത് നോക്കുന്നു; യഹോവയോ ഹൃദയത്തെ നോക്കുന്നു." (1 ശമൂവേൽ 16:7) എന്ന വചനത്തിന്റെ സജീവമായ പ്രതിഫലനമാണ് ഈ സംഭവം. ഈ വിധവയുടെ സമർപ്പണം ലോകത്തിന്റെ കാഴ്ചപ്പാടിൽ ചെറുതായിരുന്നാലും, ദൈവത്തിന്റെ കാഴ്ചയിൽ അതിവിശിഷ്ടമായ ഒരു വിശ്വാസപ്രഖ്യാപനമായിരുന്നു.

അതുകൊണ്ട്, ഈ സംഭവം ഒരു ചരിത്രസംഭവമായി മാത്രം കാണാനാവില്ല; ഇത് നമ്മുടെ ജീവിതത്തിനുള്ള ഒരു കണ്ണാടിയാണ്. നമ്മുടെ സമർപ്പണങ്ങൾ, അവ ധനമായാലും, സമയമായാലും, കഴിവുകളായാലും അവയുടെ വലിപ്പമല്ല, മറിച്ച് അവയ്ക്ക് പിന്നിലുള്ള ഹൃദയമാണ് ദൈവത്തിനു പ്രിയപ്പെട്ടത്. ഈ ദരിദ്രയായ വിധവയുടെ നിശ്ശബ്ദമായ പ്രവൃത്തിയിലൂടെ, ദൈവം നമ്മോട് പറയുന്നത് ഇതാണ്: സത്യസന്ധമായ ഒരു ചെറിയ സമർപ്പണം പോലും, സ്നേഹത്തോടെയും വിശ്വാസത്തോടെയും നൽകിയാൽ, അത് ദൈവത്തിന്റെ ഹൃദയത്തിൽ അനന്തമായ മൂല്യം പ്രാപിക്കുന്നു.

1. ദാരിദ്ര്യത്തിനിടയിലും ഹൃദയസമ്പത്ത്

ദരിദ്രയായ വിധവയുടെ ജീവിതം, പുറത്തുനിന്നു നോക്കുമ്പോൾ വേദനയും ഇല്ലായ്മയും നിറഞ്ഞ ഒരു ജീവിതമായിരുന്നിരിക്കാം. ദിവസേനയുള്ള



അടിസ്ഥാന ആവശ്യങ്ങൾ പോലും നിറവേറ്റാൻ ബുദ്ധിമുട്ടുന്ന അവസ്ഥ, അനിശ്ചിതത്വം നിറഞ്ഞ നാളുകൾ, നാളെയെക്കുറിച്ചുള്ള ആശങ്കകൾ എല്ലാം അവളുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായിരുന്നു. അവൾക്ക് സാമ്പത്തിക സുരക്ഷയോ സാമൂഹിക ശക്തിയോ ഉണ്ടായിരുന്നില്ല; ഒറ്റപ്പെട്ടതും സഹായഹീനവുമായ ഒരു ജീവിതത്തിലൂടെ അവൾ കടന്നുപോയിരിക്കാം.

എന്നാൽ പുറമേയുള്ള ഈ പ്രകടനത്തിന്റെ പിന്നിൽ മറഞ്ഞിരുന്നത് അതുല്യമായ ആത്മീയ സമ്പത്തായിരുന്നു ദൈവത്തോടുള്ള ഉറച്ച വിശ്വാസവും ആഴത്തിലുള്ള സ്നേഹവും. അവളുടെ ഹൃദയത്തിൽ ഒരു സമാധാനം ഉണ്ടായിരുന്നു; അത് ലോകത്തിന്റെ സൗകര്യങ്ങളിൽ നിന്നല്ല, മറിച്ച് ദൈവത്തിൽ നിന്നുള്ള ആശ്രയത്തിൽ നിന്നാണ് ഉത്ഭവിച്ചത്. അവളുടെ നിസ്സഹായത അവളെ ദു:ഖത്തിലേക്കോ നിരാശയിലേക്കോ നയിച്ചില്ല; മറിച്ച് അവളുടെ ആത്മാവ് ദൈവത്തോട് കൂടുതൽ അടുത്തതായി തീർന്നു. "ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാൻമാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളത്." (മത്തായി 5:3) എന്ന യേശുവിന്റെ വാക്കുകൾ അവളിലൂടെ സാക്ഷാത്കരിച്ചിരുന്നു. ഈ ദാരിദ്ര്യം വെറും സാമ്പത്തിക അവസ്ഥയല്ല, മറിച്ച് ദൈവത്തിനു മുന്നിൽ വിനയത്തോടെ നിലകൊള്ളുന്ന ആത്മാവിന്റെ അവസ്ഥയായിരുന്നു.

അവൾക്കുണ്ടായിരുന്നത് വളരെ ചെറിയതായിരുന്നു ലോകത്തിന്റെ കണക്കിൽ വിലകുറഞ്ഞ രണ്ടു നാണയങ്ങൾ മാത്രം. പക്ഷേ അവളുടെ ഉള്ളിലെ സമ്പത്ത് അത്യന്തം വിലമതിക്കപ്പെട്ട ആത്മീയ സമ്പത്തായിരുന്നു. അവളുടെ സ്നേഹവും വിശ്വാസവും ദൈവത്തോടുള്ള പൂർണമായ ആശ്രയവും അവളുടെ യഥാർത്ഥ സമ്പത്തായി മാറി. അവളുടെ സമർപ്പണം വെറും പണം മാത്രമല്ല; അത് ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്നുള്ള സമർപ്പണമായിരുന്നു, അവളുടെ ജീവിതത്തിൽ ദൈവം ഒന്നാമതായിരുന്നു എന്ന സത്യത്തിന്റെ പ്രഖ്യാപനമായിരുന്നു.

ഈ ഉദാഹരണം നമ്മെ ഒരു ഗൗരവമായ ചോദ്യത്തിലേക്ക് നയിക്കുന്നു: യഥാർത്ഥ സമ്പത്ത് എന്താണ്? നാം പലപ്പോഴും സമ്പത്തിനെ വസ്തുക്കളിലും പണത്തിലും അളക്കുന്നു, എന്നാൽ ദൈവത്തിന്റെ കണക്കിൽ സമ്പത്ത് ഹൃദയത്തിന്റെ വിശുദ്ധിയും, ദാനശീലവും, വിശ്വാസത്തിന്റെ ആഴവുമാണ്. സാമ്പത്തികമായി ശൂന്യമായിരുന്നെങ്കിലും, ആത്മീയമായി അവൾ സമ്പന്നയായിരുന്നു; കാരണം അവളുടെ ഹൃദയം ദൈവത്തോടുള്ള ബന്ധത്തിലായിരുന്നു.

അതുകൊണ്ട്, ഈ വിധവയുടെ ജീവിതം നമ്മെ പ്രചോദിപ്പിക്കുന്നു. നമ്മുടെയെല്ലാ ദാരിദ്ര്യങ്ങളിലും, അപര്യാപ്തതകളിലും, ഹൃദയം ദൈവത്തോടു തുറന്നിരിക്കുമ്പോൾ, നമുക്ക് ജീവിതത്തിൽ സമ്പന്നരാകാൻ കഴിയുമെന്ന്

പഠിപ്പിക്കുന്നു. സ്നേഹത്തോടും വിശ്വാസത്തോടും ചേർന്ന ഒരു ചെറിയ സമർപ്പണം പോലും ദൈവത്തിന്റെ ദൃഷ്ടിയിൽ മഹത്തായ സമ്പത്തായി മാറുന്നു.

2. സമ്പൂർണ സമർപ്പണത്തിന്റെ ആത്മാവ്

വിധവയുടെ സമർപ്പണം പുറംകാഴ്ചയിൽ നോക്കുമ്പോൾ വളരെ ചെറിയതായി തോന്നാം രണ്ട് നാണയങ്ങൾ മാത്രം. എന്നാൽ അതിന്റെ ആത്മീയ മൂല്യം അതീവ വലുതായിരുന്നു. മർക്കോസ് 12:44 പ്രകാരം, അവൾ നൽകിയതു അവളുടെ മുഴുവൻ ജീവിതച്ചെലവായിരുന്നു. ധനസമ്പത്ത് ഇല്ലാത്ത സാഹചര്യത്തിലും, അവളുടെ ഹൃദയം പൂർണ്ണമായി ദൈവത്തിനായി തുറന്നിരുന്നതാണ് ഇതിലൂടെ കാണുന്നത്. ഇത് വെറും ചെറിയൊരു ദാനം മാത്രമല്ല; ജീവിതത്തിന്റെ മുഴുവൻ സമർപ്പണത്തിന്റെ വ്യക്തമായ അടയാളമാണ്.

മറ്റ് ധനികർ വലിയ തുകകൾ നൽകിയിരുന്നെങ്കിലും, അത് അവരുടെ സമ്പത്തിന്റെ ഒരു ചെറിയ ഭാഗം മാത്രമായിരുന്നു. അവർക്കത് നൽകുന്നതിലൂടെ വലിയ നഷ്ടമോ ബുദ്ധിമുട്ടോ ഉണ്ടായിരുന്നില്ല. എന്നാൽ ഈ വിധവ, തനിക്ക് ഉണ്ടായിരുന്ന എല്ലാം ദൈവത്തിനായി സമർപ്പിച്ചു. അതുകൊണ്ട് അവളുടെ മനോഭാവം യഥാർത്ഥ സമർപ്പണത്തിന്റെ ഉത്തമ മാതൃകയായി മാറുന്നു.

അവളുടെ സമർപ്പണം ഭയത്താലോ നിർബന്ധത്താലോ ഉണ്ടായതല്ല; മറിച്ച് ഉറച്ച വിശ്വാസത്തോടെയാണ് അവൾ അത് ചെയ്തത്. തന്റെ ജീവിതവും ആവശ്യങ്ങളും ദൈവത്തിന്റെ കൈകളിൽ ഏല്പിക്കാനുള്ള ധൈര്യമാണ് അവൾ കാണിച്ചത്. "ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിക്കുവിൻ" (റോമർ 12:1) എന്ന വചനത്തിന്റെ ജീവിച്ചിരിക്കുന്ന ഉദാഹരണമാണ് അവൾ.

ഈ സംഭവത്തിലൂടെ നമ്മൾ മനസ്സിലാക്കേണ്ടത് ഇതാണ്: ദാനം എത്ര വലുതാണെന്നല്ല, അത് നൽകുന്ന ഹൃദയം എത്രത്തോളം സമർപ്പിതമാണെന്നതാണ് പ്രധാനപ്പെട്ടത്. യഥാർത്ഥ സമർപ്പണം ഭയമില്ലാതെ, നിർബന്ധമില്ലാതെ, വിശ്വാസത്തോടെ ഹൃദയം മുഴുവൻ ദൈവത്തിനായി തുറക്കുന്നതാണ്. വിധവയുടെ ചെറിയ സമർപ്പണം, അവളുടെ പൂർണ്ണഹൃദയ സമർപ്പണത്താൽ ദൈവത്തിന്റെ കാഴ്ചയിൽ മഹത്തായതായിത്തീർന്നു.

3. ആത്മാർത്ഥതയും ദൈവവിശ്വാസവും

വിധവയുടെ സമർപ്പണം വെറും ഒരു ആചാരപ്രവൃത്തിയല്ലായിരുന്നു. അവളുടെ ഹൃദയത്തിന്റെ ആഴത്തിൽ നിന്നുള്ള ആത്മാർത്ഥതയും ദൈവത്തിലേക്കുള്ള ഉറച്ച വിശ്വാസവും അതിന്റെ പിന്നിൽ ഉണ്ടായിരുന്നു. പലർക്കും അവൾ നൽകിയ രണ്ട് നാണയങ്ങൾ ചെറിയൊരു ദാനമായി തോന്നിയേക്കാം. എന്നാൽ അവളുടെ ഹൃദയം പൂർണ്ണമായ സമർപ്പണത്തിലും വിശ്വാസത്തിലും നിറഞ്ഞിരുന്നതായിരുന്നു.

അവളുടെ ഈ നിശ്ശബ്ദമായ പ്രവൃത്തിയിൽ അവളുടെ ജീവിതം മുഴുവൻ പ്രതിഫലിക്കുന്നു. ഭാവിയെക്കുറിച്ചുള്ള പേടിയും ആശങ്കയും അവളെ പിടിച്ചുകെട്ടിയില്ല. അവൾ നിർബന്ധത്താലോ ഭയത്താലോ ദാനം ചെയ്തില്ല; മറിച്ച് ദൈവം തന്റെ പരിപാലകനാണെന്നും, തനിക്ക് വേണ്ടതെല്ലാം അവൻ ഒരുക്കിക്കൊടുക്കുമെന്ന ഉറച്ച വിശ്വാസത്തോടെയായിരുന്നു അവൾ അത് ചെയ്തത്. "സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് ഇതൊക്കെയും നിങ്ങൾക്ക് ആവശ്യമെന്ന റിയുന്നുവല്ലോ" (മത്തായി 6:32) എന്ന വചനത്തിലെ വിശ്വാസം അവളുടെ ഹൃദയത്തിൽ ജീവിച്ചിരുന്നതായിരുന്നു.

സാമ്പത്തികമായും സാമൂഹികമായും അവൾ ബലഹീനമായ സാഹചര്യത്തിലായിരുന്നുവെങ്കിലും അവൾ നൽകിയ രണ്ട് നാണയങ്ങൾ വെറും പണം മാത്രമല്ല; ദൈവത്തിലേക്കുള്ള അവളുടെ പൂർണ്ണ ആശ്രയത്വത്തിന്റെ പ്രതീകമാണ്. ഇതിലൂടെ നമ്മൾ മനസ്സിലാക്കേണ്ടത്, ദൈവം നോക്കുന്നത് ദാനത്തിന്റെ വലുപ്പമല്ല, ഹൃദയത്തിലെ വിശ്വാസവും സത്യസന്ധതയും ആണെന്നതാണ്.

ഈ സംഭവം നമ്മെ പഠിപ്പിക്കുന്നത് ഇതാണ്: സാമ്പത്തികമായോ സാമൂഹികമായോ കുറവുകൾ ഉണ്ടായാലും, ഹൃദയത്തിലെ ആത്മാർത്ഥതയും വിശ്വാസവും ദൈവത്തിന് ഏറ്റവും വിലപ്പെട്ടതാണ്. ചെറിയ പ്രവൃത്തികൾ പോലും ആത്മാർത്ഥമായി ചെയ്താൽ, ദൈവത്തിന്റെ കാഴ്ചയിൽ അതിന് വലിയ മൂല്യമുണ്ടാകും.

4. പുറംകാഴ്ചയെക്കാൾ ഹൃദയത്തിന്റെ സത്യസന്ധത

മനുഷ്യർ സാധാരണയായി പുറത്ത് കാണുന്നതിനെ അടിസ്ഥാനമാക്കിയാണ് വിലയിരുത്തുന്നത്. വലിയ സംഭാവനകളും ആഡംബരത്തോടെ ചെയ്യുന്ന സമർപ്പണങ്ങളും സമൂഹത്തിൽ കൂടുതൽ ശ്രദ്ധയും പ്രശംസയും നേടുന്നു. എന്നാൽ ചെറുതായി തോന്നുന്ന സംഭാവനകൾ പലപ്പോഴും അവഗണിക്കപ്പെടുന്നു. അവയുടെ പിന്നിലുള്ള ആത്മാർത്ഥതയും ഉദ്ദേശ്യവും പലർക്കും കാണാൻ കഴിയാറില്ല.

ഹൃദയത്തിലെ സത്യസന്ധത, നിസ്വാർത്ഥത, വിശ്വാസം എന്നിവ ചേർന്ന ചെറിയ പ്രവൃത്തികളും ദൈവത്തിന് ഏറ്റവും പ്രിയപ്പെട്ട സമർപ്പണങ്ങളാകുന്നു എന്നാണ് വിധവയുടെ ഈ സംഭവം നമ്മെ പഠിപ്പിക്കുന്നത്.

എന്നാൽ ദൈവത്തിന്റെ കാഴ്ചപ്പാട് ഇതിൽനിന്ന് വ്യത്യസ്തമാണ്. ദൈവം നോക്കുന്നത് സംഭാവനയുടെ വലുപ്പമോ പുറത്തുള്ള ഭംഗിയോ അല്ല; മറിച്ച് ഹൃദയത്തിന്റെ സത്യസന്ധതയും സമർപ്പണത്തിന്റെ ആത്മാർത്ഥതയും മനസ്സിന്റെ വിശുദ്ധിയും ആണ്. "മനുഷ്യൻ ബാഹ്യമായത് നോക്കുന്നു; യഹോവയോ ഹൃദയത്തെ നോക്കുന്നു" (1 ശമൂവേൽ 16:7) എന്ന വാക്ക് ഇതിനെ ശക്തമായി വെളിപ്പെടുത്തുന്നു.

ദരിദ്രയായ വിധവയുടെ സമർപ്പണം ഇതിന് നല്ല ഉദാഹരണമാണ്. ലോകത്തിന്റെ കണക്കിൽ രണ്ട് നാണയങ്ങൾ വളരെ ചെറിയൊരു സംഭാവന മാത്രമായിരുന്നു. പലർക്കും അത് വിലകുറഞ്ഞതായി തോന്നിയേക്കാം. എന്നാൽ ദൈവത്തിന്റെ കണക്കിൽ, അവൾ ഹൃദയത്തിന്റെ ആഴത്തിൽ നിന്നുള്ള വിശ്വാസത്തോടും ആത്മാർത്ഥതയോടും ചേർന്ന് നൽകിയതുകൊണ്ട് അത് അത്യന്തം വിലയേറിയതായിരുന്നു.

അവളുടെ സമർപ്പണത്തെ മഹത്താക്കിയത് അവളുടെ വിനയം, നിസ്വാർത്ഥത, ആത്മാർത്ഥത എന്നിവയാണ്. അവൾ മനുഷ്യരുടെ പ്രശംസ തേടിയില്ല; മറ്റുള്ളവരെ കാണിക്കാനായി അവൾ ഒന്നും ചെയ്തില്ല. അവളുടെ ദാനം ഹൃദയത്തിൽ നിന്നുള്ള സത്യസന്ധമായ സമർപ്പണമായിരുന്നു.

ഈ സംഭവം നമ്മെ ഓർമ്മിപ്പിക്കുന്നത് ഇതാണ്: പ്രവർത്തിയുടെ വലുപ്പമല്ല, അത് ചെയ്യുന്ന ഹൃദയത്തിന്റെ അവസ്ഥയാണ് ദൈവത്തിന് പ്രധാനമായത്. ചെറുതായ പ്രവർത്തികളും ആത്മാർത്ഥമായി ചെയ്യുമ്പോൾ അത് ദൈവത്തിന് പ്രിയപ്പെട്ട സമർപ്പണങ്ങളാകുന്നു. സത്യസന്ധതയും നിസ്വാർത്ഥതയും വിശ്വാസവും തന്നെയാണ് ദൈവത്തിന് ഏറ്റവും വിലപ്പെട്ടതെന്നാണ് വിധവയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്.

ദരിദ്രയായ വിധവയുടെ സമർപ്പണം നമ്മെ ഒരു പ്രധാന സത്യത്തിലേക്ക് നയിക്കുന്നു: നാം എന്ത് കൊടുക്കുന്നു എന്നതല്ല, എങ്ങനെ കൊടുക്കുന്നു എന്നതാണ് യഥാർത്ഥത്തിൽ പ്രധാനമെന്ന്. നമ്മുടെ ദാനങ്ങളിലും സേവനങ്ങളിലും സമയങ്ങളിലും കഴിവുകളിലും എത്രത്തോളം ആത്മാർത്ഥതയും വിശ്വാസവും സ്നേഹവും ഉണ്ടെന്നതാണ് ദൈവം നോക്കുന്നത്. ലോകം വലിയ സംഭാവനകളെ പ്രശംസിക്കുമ്പോഴും, ഹൃദയത്തിൽ നിന്നുള്ള ചെറിയ സമർപ്പണങ്ങളെ പലപ്പോഴും ശ്രദ്ധിക്കാറില്ല.

"സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു" (2 കൊരിന്ത്യർ 9:7) എന്ന വചനത്തിന്റെ നല്ല ഉദാഹരണമാണ് ഈ വിധവ. അവളുടെ ചെറിയ സമർപ്പണം പോലും, വിശ്വാസത്തോടും ആത്മാർത്ഥതയോടും ചേർന്നതിനാൽ ദൈവത്തിന്റെ കാഴ്ചയിൽ അത്യന്തം വിലയേറിയതായിരുന്നു. ഇതിലൂടെ നമ്മൾ മനസ്സിലാക്കേണ്ടത്, പ്രവൃത്തിയുടെ വലുപ്പമല്ല, ഹൃദയത്തിന്റെ സത്യസന്ധതയും വിശ്വാസവുമാണ് പ്രധാനമെന്നതാണ്.

ഈ സംഭവം നമ്മെ സ്വയപരിശോധിക്ക് വിധേയമാക്കുന്നു. നമ്മുടെ പ്രവൃത്തികൾ എത്രത്തോളം ആത്മാർത്ഥമാണ്? നാം ചെയ്യുന്നതിൽ ദൈവത്തോടുള്ള സ്നേഹവും വിശ്വാസവും ഉണ്ടോ? ഈ ചോദ്യങ്ങൾ നമ്മെ ആത്മപരിശോധനയിലേക്ക് നയിക്കുന്നു.

അതുകൊണ്ട്, ജീവിതത്തിലെ ഓരോ ചെറിയ പ്രവൃത്തി പോലും സ്നേഹത്തോടും വിശ്വാസത്തോടും ചേർന്ന് ദൈവത്തിന് സമർപ്പിക്കുമ്പോൾ, അത് ഒരു ആരാധനയായി മാറുന്നു. മനുഷ്യരുടെ കണക്കിൽ ചെറുതായിരിക്കാം, പക്ഷേ ദൈവത്തിന്റെ കാഴ്ചയിൽ അതിന് വലിയ മൂല്യമുണ്ട്.

ഹൃദയത്തിലെ സത്യസന്ധത, നിസ്വാർത്ഥത, വിശ്വാസം എന്നിവ ചേർന്ന ചെറിയ പ്രവൃത്തികളും ദൈവത്തിന് ഏറ്റവും പ്രിയപ്പെട്ട സമർപ്പണങ്ങളാകുന്നു എന്നാണ് വിധവയുടെ ഈ സംഭവം നമ്മെ പഠിപ്പിക്കുന്നത്.

❑

വചനതീർത്ഥം

പെന്തിക്കോസ്തിക്ക് ശേഷം രണ്ടാം ഞായർ

(വി. മത്തായി 10:34-11:1)

ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)



യേശു തന്റെ ശിഷ്യന്മാരെ ദൗത്യ നിർവഹണത്തിന് അയക്കുമ്പോൾ അവർക്ക് നൽകുന്ന നിർദ്ദേശങ്ങളുടെ സമാപ്തിയാണ് ഇന്നത്തെ വേദഭാഗം. ക്രിസ്തുശിഷ്യൻ എന്ന നിലയിൽ ഉള്ള ശുശ്രൂഷ മേഖലകളിൽ ഓരോരുത്തരും നേരിടേണ്ടിവരുന്ന അനുഭവങ്ങളെ കർത്താവ് വരച്ചുകാട്ടുകയാണ്. ക്രിസ്തു ശിഷ്യൻ ആവുക എന്നത് അത്ര അനായാസകരമായ ഒന്നല്ല എന്ന് ഈ വേദ ഭാഗം നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്.

സുവിശേഷത്തിൻറെ മാർഗ്ഗം

സമാധാന സന്ദേശമായി മനുഷ്യാവതാരം ചെയ്ത കർത്താവ് ഞാൻ ഭൂമിയിൽ സമാധാനമല്ല വാളാണ് വരുത്തുവാൻ പോകുന്നത് എന്ന് പറയുന്നത് വൈരുദ്ധ്യമായി നമുക്ക് തോന്നിയേക്കാം. സുവിശേഷ ദൗത്യവുമായി അയക്കപ്പെടുന്ന ശിഷ്യന്മാരോട്, നിങ്ങൾ നൽകുന്ന സന്ദേശം ചിലയിടങ്ങളിൽ എങ്കിലും ഇടർച്ച ഉണ്ടാക്കാം എന്ന ഒരു മുന്നറിയിപ്പാണ് കർത്താവ് നൽകുന്നത്. സുവിശേഷത്തിന്റെ മാർഗ്ഗം വിഭജനത്തിന്റേത് കൂടെയാണ് എന്ന് കർത്താവ് ഓർമിപ്പിക്കുകയാണ്.

ഒരു കുടുംബത്തിനുള്ളിൽ പരസ്പരം ഉണ്ടാകുന്ന ക്ഷുദ്രതയ്ക്ക് സുവിശേഷം കാരണമാകും എന്നല്ല നാം മനസ്സിലാക്കേണ്ടത്. ഒരു പ്രവാചകനും സ്വന്ത നഗരത്തിൽ ആദരിക്കപ്പെടുന്നില്ല എന്ന സ്വജീവിത അനുഭവം ഈ വാക്കുകൾ പറയുമ്പോൾ കർത്താവിനെ സ്വാധീനിച്ചിരിക്കാം. സുവിശേഷം നൽകുന്നതിനെ പ്രതിയും സ്വീകരിക്കുന്നതിനെ പ്രതിയും ചിലപ്പോൾ തിരസ്കരണങ്ങൾ പോലും ഉണ്ടായേക്കാം. ക്രിസ്തുവനുഭവത്തിൽ ആകുന്നതിൽ ഓരോ വ്യക്തിക്കും ഏറ്റക്കുറച്ചിലുകൾ ഉണ്ട്. ചിലർ ഗൗരവമായി അതിനെ ഉൾക്കൊള്ളുമ്പോൾ മറ്റുചിലർ വളരെ യാന്ത്രികമായാണ് അതിനോട് ചേർന്നു നിൽക്കുന്നത്. ക്രിസ്തുവിനും അവന്റെ സുവിശേഷത്തിനും നൽകുന്നതിനേക്കാളും വില ഏറ്റവും പ്രിയപ്പെട്ടതിനു പോലും നൽകരുത് എന്നതാണ് സന്ദേശമായി നാം ഇവിടെ സ്വീകരിക്കേണ്ടത്. 1 കൊരി. 7: 13, 14 വാക്യങ്ങളിൽ സൂചിപ്പിക്കുന്നതുപോലെയുള്ള ഒരു പരസ്പര വിശുദ്ധികരണത്തിലേക്ക് കുടുംബ ജീവിതങ്ങളെ സുവിശേഷം കൂട്ടിക്കൊണ്ടു പോകണം. വിഭജനങ്ങളിൽ കൂടിയുള്ള വിശുദ്ധീകരണവും ക്രിസ്തുയേശുവിനുള്ള പരിപൂർണ്ണ സമാധാനവും ആണ് സുവിശേഷത്തിന്റെ മാർഗ്ഗം

സുവിശേഷത്തിന്റെ ആഴം

ശിഷ്യന്മാർ ഏറ്റെടുത്തിരിക്കുന്ന സുവിശേഷത്തിന്റെ ആഴം ക്രൂശാണ് എന്ന് കർത്താവ് അവരെ ഓർമ്മിപ്പിക്കുകയാണ്. കർത്താവ് കുരിശിലേറുന്നതിന് മുമ്പ് കുരിശാണ് ഞാൻ നിങ്ങൾക്ക് വാഗ്ദാനം ചെയ്യുന്നത് എന്ന് കർത്താവ് പറയുമ്പോൾ സുവിശേഷത്തിന്റെ ആഴം സമൃദ്ധിയും സംതൃപ്തിയും അല്ല എന്ന് കർത്താവ് വ്യക്തമാക്കുന്നു. അപമാനവും സഹനവും വേണ്ടിവന്നാൽ മരണവും വരിക്കേണ്ടിവരും എന്ന് ഓർമ്മപ്പെടുത്തലാണ് താൻ നടത്തുന്നത്. കാരണം അക്കാലത്ത് കുരിശ് പ്രതിനിധാനം ചെയ്തിരുന്നത് ഇതെല്ലാം ആയിരുന്നു.

പരിപൂർണ്ണ സമർപ്പണത്തിൽ കുറഞ്ഞ യാതൊന്നും സുവിശേഷ ജീവിതത്തിന്റെ യോഗ്യതയായി കർത്താവ് നൽകുന്നില്ല. ആത്മത്യാഗവും ക്രിസ്തു കേന്ദ്രീകൃതമായ ജീവിതവും ഈ ജീവിതത്തിന്റെ ഘടകങ്ങളായി കർത്താവ് വരച്ചുകാട്ടുന്നു.

ഇന്നിന്റെ പുതിയ ലോകത്തിലും ക്രിസ്തുഅനുഭവത്തിലുള്ള ജീവിതത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ ആണ് കർത്താവ് നൽകുക. ഒരേസമയം ഒരു വെല്ലുവിളിയും ഒരു ക്ഷണവും ആണ് കർത്താവ് മുൻപോട്ട് വയ്ക്കുന്നത്.



അർഹിക്കുന്ന ആദരവോടെ ദൈവവേലയിൽ ആയിരിക്കുന്നവരെ ഉൾക്കൊള്ളുന്നത് ദൈവ സന്നിധിയിൽ പ്രതിഫലത്തിന് യോഗ്യമായ പ്രവർത്തിയാണ്. ദൈവവേലയും വേലക്കാരും പരിഹസിക്കപ്പെടുന്ന ഇന്നത്തെ ലോകത്ത് വാസ്തവത്തിൽ ഇത്രയും അപവാദങ്ങൾ അവർ അർഹിക്കുന്നുണ്ടോ എന്ന് നാം ചിന്തിക്കണം. ഹൃദയം കൊണ്ട് അവർക്ക് നൽകുന്ന പരിഗണനകൾ പോലും പ്രതിഫലം അർഹിക്കുന്നു എന്ന് നാം മനസ്സിലാക്കണം.

ജീവിത വഴികളിൽ നാം ശ്രദ്ധ വയ്ക്കുന്ന സ്വാർത്ഥതയും ആത്മപ്രശംസയും സത്യവിരുദ്ധമായ നിലപാടുകളും നമ്മെ ക്രിസ്തു അനുഭവത്തിന്റെ ഭാഗമാക്കുന്നില്ല എന്ന് കർത്താവ് അടിവരയിടുന്നു. സുവിശേഷം നിമിത്തം ഇവയൊന്നിലും ശ്രദ്ധവയ്ക്കാതെ ദൈവാന്വേഷിയാകുന്നവൻ യഥാർത്ഥ ജീവനെ കണ്ടെത്തും. സുവിശേഷത്തിന്റെ ആഴം ആത്മത്യാഗത്തോളമാണ്. അത് ഒരുവനെ നിത്യജീവനിലേക്ക് കൂട്ടിക്കൊണ്ടുവരും.


സുവിശേഷത്തിൻറെ പ്രതിഫലം

സുവിശേഷത്തിന്റെ വിവിധ മാനങ്ങളിൽ ഒന്നിനെ ഈ വേദഭാഗത്ത് കർത്താവ് ഉയർത്തി കാട്ടുകയാണ്. സുവിശേഷകരെ സ്വീകരിക്കുക എന്നതും സുവിശേഷമാണ് എന്ന് ഇവിടെ നമ്മെ ഓർപ്പിക്കുകയാണ്. സർവ്വതും ഉപേക്ഷിച്ച് കുരിശുകൾ വഹിച്ച് ക്രിസ്തുവിനു വേണ്ടി പ്രയത്നിക്കുന്നവരെ അവരുടെ വഴികളിൽ സഹായിക്കുന്നതും സുവിശേഷകന്റെ പ്രതിഫലത്തിന് യോഗ്യമായ പ്രവർത്തിയായി കർത്താവ് നിർദ്ദേശിക്കുന്നു.

എപ്രകാരമാണ് ഒരുവന് സുവിശേഷീകരണത്തിൽ പങ്കാളിയാകുവാൻ സാധിക്കുന്നത് എന്നതാണ് ചോദ്യം. അർഹിക്കുന്ന ആദരവോടെ ദൈവവേലയിൽ ആയിരിക്കുന്നവരെ ഉൾക്കൊള്ളുന്നത് ദൈവ സന്നിധിയിൽ പ്രതിഫലത്തിന് യോഗ്യമായ പ്രവർത്തിയാണ്. ദൈവവേലയും വേലക്കാരും പരിഹസിക്കപ്പെടുന്ന ഇന്നത്തെ ലോകത്ത് വാസ്തവത്തിൽ ഇത്രയും അപവാദങ്ങൾ അവർ അർഹിക്കുന്നുണ്ടോ എന്ന് നാം ചിന്തിക്കണം. ഹൃദയം കൊണ്ട് അവർക്ക് നൽകുന്ന പരിഗണനകൾ പോലും പ്രതിഫലം അർഹിക്കുന്നു എന്ന് നാം മനസ്സിലാക്കണം.

❑

Church Calendar



He who does not take his cross and follow me

Second Sunday after Pentecost

(St. Matthew 10:34 - 11:1)

Philipose Ramban

(Jyothis Ashram, Abu Road, Rajasthan)

Jesus Christ chooses disciples at the beginning of his public ministry. There were certain criteria for that choice. Not only that, the one who is chosen also had certain duties and responsibilities to fulfill. He appointed twelve to be with him, to be sent out to preach, and to have authority to cast out demons (St. Mark 3:14-15). Afterward, he called the twelve disciples to him. He gave them authority to cast out unclean spirits and to heal every kind of disease and sickness (St. Matthew 10:1). "Freely you have received, freely give. Do not take gold, silver, or copper in your purses, nor a bag for the journey, nor two tunics, nor sandals, nor a staff. For the worker is worthy of his food. I am sending you out like sheep among wolves. Therefore, be as wise as serpents and as innocent as doves. Everyone will hate you because of my name. But the one who endures to the end will be saved." Again we read, "Do not be afraid of those who kill the body but cannot kill the soul. Rather, be afraid of the One who can destroy both soul and body in hell. Even the hairs of your head are all numbered. Everyone who acknowledges me before men, I will also acknowledge before my Father who is in heaven. But whoever denies me before men, I will also deny before my Father." That is to say, discipleship is not such an easy thing. However, whatever we do, we do for the building up of the Kingdom of Heaven. Everything will be counted by God. He gives us an assurance that he will be with us to strengthen us for it. Finally, Jesus Christ says, "I have not come to bring peace to the earth, but a sword." "He who loves father or mother more than me is not worthy of me. And he who does not take his cross and follow me is not worthy of me". There are great challenges included in these words regarding the discipleship of Jesus Christ. What are the obstacles and challenges we have to face when we follow him? It is when we overcome all these challenges that we are able to reach true discipleship. Even in the lives of the disciples, they had to face these challenges. Sometimes they have even failed before them. Therefore, discipleship is not a matter of less difficulty. In the perspective of St. Mark, following Jesus (what is intended by discipleship) means immersing oneself in the service of others.

Discipleship is the path of sacrifice, suffering, and the cross

On one hand, discipleship is the path of sacrifice, suffering, and the cross for those who experience peace through their relationship with God; on the other hand, it is for those who have to face opposition, persecution, and even death from their own people. In the life of Jesus Christ, the greatest opposition had to be faced from his own family members and townspeople. He began to upbraid the cities where most of his mighty works were done, because they did not repent (St. Matthew 11:20). Once, it was even alleged against him that Beelzebub was in him. What Jesus Christ says about discipleship is that whoever follows him, whether they are disciples or anyone else, must be prepared to suffer and endure severe agony in this world. Holy Paul the Apostle says in the epistle written to Timothy, "Do not be ashamed, but share in suffering for the gospel according to the power of God. Share in suffering as a good soldier of Christ Jesus. Do the work of an evangelist. Fulfill your ministry completely." St. Peter the Apostle says about suffering, "For it is a credit to someone if, mindful of God, they endure pain while suffering unjustly. For what credit is it if, when you sin and are beaten for it, you endure? But if you endure when you do good and suffer for it, this is a grace before God" (1 Peter 4:1). "But rejoice insofar as you are sharing Christ's sufferings, so that you may also glad and shout for joy when his glory is revealed. If you are reviled for the name of Christ, you are blessed, because the spirit of glory, which is the Spirit of God, rests upon you. But let none of you suffer as a murderer, a thief, an evildoer, or as a busybody in other people's matters. Yet if anyone suffers as a Christian, do not be ashamed, but glorify God because of this name" (1 Peter 4:13-16). Therefore, when suffering or difficulties arise for a Christian, they must be able to endure and overcome them with a mindset of sacrifice and patience.

Discipleship is a release from worldly pleasures and relationships.

"Whoever loves father or mother more than me is not worthy of me; and whoever loves son or daughter more than me is not worthy of me" (St. Matthew 10:37). Because they consider their relationship and loyalty to Jesus as more valuable, they will have to abandon even strong family relationships. Disciples must have greater love and loyalty to Jesus than to their own family members. When Peter said to Jesus Lord, "See, we have left everything and followed you," the reply Jesus Lord gave was, "Truly I tell you, there is no one who has left house or brothers or sisters or mother or father or children or fields, for my sake and for the sake of the gospel, who will not receive a hundredfold now in this age, houses, brothers, sisters, mothers, children, and fields, with persecutions, and in the age to come eternal life" (St. Mark 10:29-30). "For those who want to save their life will lose it, and those who lose their life for my sake will find it. For what will it profit a man if he gains the whole world and forfeits his soul, or what will a man give in return for his soul?" In this world where we live, man today is running behind worldly pleasures. We brought nothing into this world, and we can take nothing out of it. "If we have food and clothing, we will be content with these. For the love of money is a root of all kinds of evil, and in their eagerness to be rich some have wandered away from the faith and pierced themselves with many pains" (1 Timothy 6:10). The story of the young man who approached Jesus makes it clear that wealth can become an obstacle to Christ's discipleship. He had many things that might seem desirable according to the world. He was wealthy, a ruler, a youth, and a moral person. Yet, the deficiency in him was his excessive reliance on wealth. Here, the rich young man is holding on tight to his wealth, unwilling to give it up. This too is a hindrance to discipleship. We must be able to view worldly pleasures and attachments as insignificant. When we draw closer to discipleship, we must be able to follow the path of sacrifice, suffering, and the cross. It is when we are able to distance ourselves from those things that attract us according to the world that we reach true discipleship. There, neither suffering, nor the cross, nor reproach, nor ridicule is a hindrance to us. The assurance that Christ gives to those who enter into discipleship is, "Whoever welcomes you welcomes me, and whoever welcomes me welcomes the one who sent me." When we enter into missionary work, welcoming us is equivalent to welcoming Christ. May we be enabled to continue Christ's missionary work in this world until the end of our lives.

❑

മറുപുറം

അഭയാർത്ഥികളുടെ ദൈവം

ഫാ. അജീഷ് ബാബു



എബ്രായ ഭാഷയിലെ Ohel Moed എന്ന പദം പലപ്പോഴും "സമാഗമന കൂടാരം" എന്ന് വിവർത്തനം ചെയ്യപ്പെടുന്നു. പക്ഷേ അതിന്റെ ഉള്ളിലെ സൗന്ദര്യം വെറും "ആരാധനാകേന്ദ്രം" എന്ന വാക്കിൽ ഒതുങ്ങുന്നില്ല.

അതിന്റെ യഥാർത്ഥ അർത്ഥം "കണ്ടുമുട്ടലിന്റെ കൂടാരം" അല്ലെങ്കിൽ "ദൈവവും മനുഷ്യനും തമ്മിൽ ഒരുമിച്ച് ഇരിക്കാൻ തീരുമാനിച്ച ഇടം." ഇവിടെ ദൈവം രാജാവായി സിംഹാസനത്തിൽ ഇരിക്കുന്നില്ല. അവൻ ഒരു കൂടാരത്തിലാണ്.

കൂടാരം എന്നത് സ്ഥിരവീട് അല്ല. അത് യാത്രക്കാരന്റെ പാർപ്പിടമാണ്. ഇന്ന് ഇവിടെ, നാളെ മറ്റെവിടെയോ. സമാഗമനകൂടാരം പഠിപ്പിക്കുന്നത് മനോഹരമായ ഒരു സത്യമാണ്.

ദൈവം സ്ഥിരമായ മതകെട്ടിടങ്ങളിൽ പൂട്ടപ്പെട്ടവനല്ല അവൻ മനുഷ്യന്റെ യാത്രയിൽ കൂടെ നടക്കുന്നവനാണ്.

മരുഭൂമിയിൽ അലഞ്ഞുനടന്ന ഇസ്രായേൽ ജനതയ്ക്ക് കൊട്ടാരങ്ങളൊന്നുമുണ്ടായിരുന്നില്ല.

ഭക്ഷണം പോലും ഉറപ്പില്ലാത്ത ദിവസങ്ങൾ. ഭയവും അനിശ്ചിതത്വവും മാത്രം നിറഞ്ഞ രാത്രികൾ.

അത്തരം ഒരു ജനതയുടെ നടുവിലാണ് ദൈവം ഒരു ദേവാലയം പണിയാതെ ഒരു കൂടാരം പണിതത്. കാരണം ദൈവം ആദ്യം അന്വേഷിക്കുന്നത് വിശുദ്ധ സ്ഥലം അല്ല, മനുഷ്യന്റെ അരികാണ്. ഈ ദൈവബോധം ജനകീയമാണ്.

അഭയാർത്ഥിക്ക് സ്ഥിരവീട് ഉണ്ടാകണമെന്നില്ല. പക്ഷേ കൂടാരം അവന് പ്രതീക്ഷ നൽകും. രാത്രി എങ്കിലും തലചായ്ക്കാനുള്ള ഇടം. അതിനാൽ സമാഗമനകൂടാരം ഒരു മതചിഹ്നമല്ല മാത്രം അതൊരു രാഷ്ട്രീയ പ്രഖ്യാപനവുമാണ്. ദൈവം എല്ലായ്പ്പോഴും അതിർത്തികളുടെ അരികിൽ നിൽക്കുന്നവരുടെ ഭാഗത്താണ്. അവൻ ആദ്യം എത്തിപ്പെടുന്നത് രാജധാനികളിലേക്കല്ല

പാതയോരങ്ങളിലേക്കാണ്. അവൻ ആദ്യം കേൾക്കുന്നത് അധികാരികളുടെ പ്രാർത്ഥനയല്ല. ഭയന്ന് കരയുന്ന മനുഷ്യരുടെ നിശ്ശബ്ദതയാണ്.

പാവങ്ങളുടെ ദൈവബോധം, യാത്രക്കാരുടെ ദൈവബോധം, വീടില്ലാത്തവരുടെ ദൈവബോധം.

സമാഗമനകൂടാരം പറയുന്നത്.

ദൈവം ആദ്യം എത്തിപ്പെടുന്നത് രാജധാനികളിലേക്കല്ല; അവൻ എത്തുന്നത് പൊടിപിടിച്ച വഴികളിലേക്കാണ്. ഒരു അമ്മ കുഞ്ഞിനെ ഉറക്കിക്കുന്ന രാത്രിയിൽ, കടലിൽ പോയ മീൻപിടുത്തക്കാരൻ മടങ്ങിവരുവോളം ഭയത്തോടെ കാത്തിരിക്കുന്ന ഭാര്യയുടെ ഹൃദയത്തിൽ, തൊഴിൽ തേടി നഗരത്തിലേക്ക് വന്ന ഒരു യുവാവിന്റെ ഏകാന്ത മുറിയിൽ, ആശുപത്രിയുടെ പുറത്ത് കരയുന്ന മനുഷ്യന്റെ നിശ്ശബ്ദതയിൽ അവിടെയൊക്കെയാണ് സമാഗമനകൂടാരം ഉയരുന്നത്. ബൈബിളിലെ ഏറ്റവും വലിയ അത്ഭുതം ദൈവം സ്വർഗ്ഗത്തിൽ വസിക്കുന്നു എന്നതല്ല. മറിച്ച്, അവൻ വീടില്ലാത്ത മനുഷ്യരുടെ നടുവിൽ കൂടാരം അടിച്ചു എന്നതാണ്.

ദൈവം കല്ലുകൊണ്ടുള്ള ദേവാലയങ്ങളിൽ മാത്രം താമസിക്കുന്നില്ല മനുഷ്യന്റെ നിസ്സഹായതയിലാണ് അവൻ കൂടാരം കെട്ടുന്നത്. അതുകൊണ്ട് ബൈബിളിലെ ഏറ്റവും വലിയ അത്ഭുതം ദൈവം സ്വർഗ്ഗത്തിൽ വസിക്കുന്നു എന്നതല്ല മറിച്ച്, അവൻ മനുഷ്യരുടെനടുവിൽ കൂടാരം അടിച്ചു എന്നതാണ്.

ഇത് അതീവ ഹൃദയസ്പർശിയായ ദൈവാനുഭവമാണ്. ജീവിതത്തിൽ പലർക്കും "ദൈവാലയത്തിലേക്ക്" പോകാൻ സാധിക്കില്ല. പക്ഷേ ആരും ഒറ്റപ്പെട്ടവരല്ല. ദൈവം തന്നെയാണ് അവരുടെ അരികിലേക്ക് കൂടാരവുമായി വരുന്നത്.

ഒരു ജനകീയ ദൈവബോധത്തിൽ സമാഗമനകൂടാരം എന്നത് പാവപ്പെട്ടവരുടെ വീട്ടുമുറ്റമാണ്, മഴ ചോരുന്ന കുടിലാണ്, അമ്മയുടെ അടുക്കളയാണ്, കർഷകന്റെ വയലാണ്, മത്സ്യത്തൊഴിലാളിയുടെ വള്ളമാണ്,

പ്രവാസിയുടെ ഉറക്കമില്ലാത്ത രാത്രി ആണ്. അവിടെയൊക്കെയാണ് ദൈവം മനുഷ്യനെ കണ്ടുമുട്ടാൻ ഇരിക്കുന്നത്.

അതിനാൽ സമാഗമനകൂടാരം ഒരു മതചിഹ്നമല്ല അത് ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ചുള്ള ഏറ്റവും മനോഹരമായ വെളിപ്പെടുത്തലാണ്.

ദൈവം മനുഷ്യനെ തന്റെ അടുക്കലേക്ക് വിളിക്കുന്നവനല്ല മാത്രം മനുഷ്യന്റെ അടുക്കലേക്ക് നടന്നു വരുന്നവനുമാണ്.

ദൈവം മനുഷ്യനോട് പറയുന്നത്:

"നിനക്ക് വീട് ഇല്ലെങ്കിലും, നീ ഒറ്റപ്പെട്ടവനല്ല. ഞാൻ നിന്റെ അരികിൽ കൂടാരം കെട്ടിയിരിക്കുന്നു.' ❑



അക്സ മറിയ ജേക്കബിന് ഒന്നാം റാങ്ക്

എം.ജി യൂണിവേഴ്സിറ്റി B.Sc. കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ അക്സ മറിയ ജേക്കബ് ഒന്നാം റാങ്ക് നേടി. പുതുപ്പള്ളി പുന്നൂച്ചേരിൽ ജേക്കബ്. കെ. ഇ. യുടെയും ബീന എബ്രഹാമിന്റെയും മകളാണ്. കോട്ടയം നിലയ്ക്കൽ ഇടവക അംഗമാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



സ്കൂൾ കുട്ടികൾക്കുള്ള പഠനോപകരണ കിറ്റിന്റെ വിതരണ ഉദ്ഘാടനം കണ്ടനാട് കർമ്മേൽ ദയറായിൽ തൃപ്പൂണിത്തറ എം.എൽ.എ. ദീപക് ജോയി നിർവഹിക്കുന്നു. ഫാ. തോമസ് മ്യാലിൽ, ഷിബു കെ. എബ്രഹാം, മന്ത്രി അനൂപ് ജേക്കബ്, യൂഹനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്താ എന്നിവർ സമീപം.

ദേവാലയ കൂദാശയും പ്രതിഷ്ഠാ ദിനവും

കാൽഗറി: കാനഡ ഭദ്രാസനത്തിലെ കാൽഗറി സെന്റ് മേരീസ് ദേവാലയ കൂദാശ മെയ് 29, 30 തീയതികളിൽ ‍ പ. ബസേലിയോസ് മാർത്തോമ്മാ മാത്യുസ് ത്രിതിയൻ കാതോലിക്ക ബാവായുടെ പ്രധാന കാർമികത്വത്തിലും കാനഡ ഭദ്രാസന സഹായ മെത്രാപ്പോലീത്ത സഖറിയാ മാർ നിക്കോളോവോസിന്റെയും കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്ത ഗീവറുഗീസ് മാർ യൂലിയോസിന്റെയും സഹ കാർമ്മികത്വത്തിലും നടന്നു.

മെയ് 27-നു കാൽഗറിയിൽ എത്തിച്ചേർന്ന പ. ബാവ തിരുമേനിയെയും മറ്റ് തിരുമേനിമാരെയും മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ ഉചിതമായി സ്വീകരിച്ചു. 28-നു ഇടവകജനങ്ങൾ ചേർന്ന് ബാവായെ പള്ളിയിൽ സ്വീകരിച്ചു. 29-നു കൂദാശയുടെ ഒന്നാം ഭാഗവും 30-നു രാവിലെ കൂദാശയുടെ രണ്ടാം ഭാഗവും വി. മൂന്നിന്മേൽ കുർബാനയും തുടർന്ന് പൊതു സമ്മേളനവും നടന്നു. പൊതു സമ്മേളനത്തിൽ രാജൻ സ്വാനി (Alberta province minister of Indigenous Relations) മുഖ്യ അതിഥി ആയിരുന്നു. മന്ത്രി പ. ബാവ തിരുമേനിക്കും മറ്റ് തിരുമേനിമാർക്കും Alberta Government ന്റെ certificate of recognition നൽകി ആദരിച്ചു. ദേവാലയ നിർമ്മാണത്തിൽ ഉൾപ്പെട്ടവർക്കും മറ്റ് വിശിഷ്ട അതിഥികൾക്കും പ. ബാവാ മമെന്റോ നൽകി ആദരിച്ചു.

എല്ലാ മനുഷ്യരിലും ദൈവീക ചൈതന്യം ഉണ്ടെന്നും എല്ലാവരെയും ഒരു പോലെ കാണുമ്പോൾ മാത്രമേ ദൈവിക കൃപ നമ്മൾക്ക് ലഭിക്കുകയുള്ളെന്നും പ. ബാവ തന്റെ ആമുഖ പ്രസംഗത്തിൽ പറഞ്ഞു പറഞ്ഞു. മാർ നിക്കോളോവോസ്, ഭദ്രാസന സെക്രട്ടറി ഫാ. തോമസ് ജോർജ്ജ്, മുൻ വികാരി ഫാ. ബിന്നി കുരുവിള എന്നിവർ ആശംസകൾ അറിയിച്ചു. വികാരി. ഫാ. ജോർജ് വർഗീസ് സ്വാഗതവും കൺവീനർ Joe Varughese ജോയ് വർഗീസ് നന്ദിയും രേഖപ്പെടുത്തി.



എം.ജി യൂണിവേഴ്സിറ്റി ബി.എ. കോർപ്പറേറ്റ് എക്കണോമിക്സിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ അനീന മറിയം തോമസ്. കോട്ടയം മെത്രാസനത്തിലെ ചേന്നംകരി സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകാംഗങ്ങളായ തോമസ് സക്കറിയയുടെയും ലാലി തോമസിന്റെയും മകളാണ്.



തെശ്ബുഹത്തോ 2026

ദുബായ്: ജോബ് മാർ പീലക്സിനോസിന്റെ സ്മരണയ്ക്കായി, ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ യു.എ.ഇ. മേഖലയിലെ യുവജനപ്രസ്ഥാന അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് മലയാളം, സുറിയാനി ആരാധനാഗീത മത്സരമായ “തെശ്ബുഹത്തോ 2026” നടന്നു.

മത്സരഫലങ്ങൾ: ഒന്നാം സ്ഥാനം: ഷാർജ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് യുവജന പ്രസ്ഥാനം. രണ്ടാം സ്ഥാനം: ജബൽ അലി സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് യുവജന പ്രസ്ഥാനം. മൂന്നാം സ്ഥാനം: ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജനപ്രസ്ഥാനം.



കേരള സെൻട്രൽ യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് നിയമ വകുപ്പ് എൽ.എൽ.എം. 2024-2026 ബാച്ച് നിയമ വിഭാഗത്തിൽ നിന്നും അഡ്വക്കേറ്റ് രേഷ്മ റെയ്ച്ചൽ മാത്യു ഒന്നാം റാങ്ക് നേടി. നിരണം വലിയപള്ളി ഇടവകയിൽ നെടുംപറമ്പിൽ റെജി മാത്യുവിന്റെയും ഷീന റെജിയുടെയും മകളാണ്.



എം.ജി. യൂണിവേഴ്സിറ്റി B.Sc. Chemistry ഡിഗ്രി പരീക്ഷയിൽ രണ്ടാം റാങ്ക് കരസ്ഥമാക്കിയ കോട്ടയം ബസേലിയസ് കോളജ് വിദ്യാർത്ഥിനി ഐറിൻ എൽസാ സുരേഷ്. കോട്ടയം നിലയ്ക്കൽ ഇടവകയിൽ മാടയ്ക്കൽ സുരേഷ് ജോസഫിന്റെയും ലിനു മേരി മാത്യുവിന്റെയും പുത്രിയാണ്.



എം.ജി യൂണിവേഴ്സിറ്റി ബി.എ. ഇംഗ്ലീഷ് പരീക്ഷയിൽ രണ്ടാം റാങ്ക് കരസ്ഥമാക്കിയ ജോസ്ന സാറ ജോസഫ്. MGOCSM കേന്ദ്ര വർക്കിംഗ് കമ്മിറ്റി അംഗമാണ്. നിരണം വലിയ പള്ളി ഇടവക അംഗം.



കോട്ടയം ബസേലിയസ് കോളേജ് (സ്വയംഭരണം) ബർസാർ ആയി മലയാള വിഭാഗം മേധാവി ഡോ. തോമസ് കുരുവിളയെ പരിശുദ്ധ ബാവ തിരുമേനി നിയമിച്ചു. വാഴൂർ സെന്റ് പീറ്റേഴ്സ് ഇടവകാംഗവും സഭാ മാനേജിംഗ് കമ്മിറ്റി അംഗവുമാണ്.



മദർ സൂസന്റെ എട്ടാം ചരമവാർഷികം കണ്ടനാട് മാർ ഗ്രിഗോറിയോസ് ആശ്രമം ചാപ്പലിൽ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസിന്റെ മുഖ്യ കാർമ്മീകത്വത്തിൽ നടന്നു.



Fr. Aashu Alexander Mattackal was awarded a PhD for his thesis "Climbing the Peak of Perfection - A historical, literary and theological analysis of moral and spiritual perfection in the homilies of Orgien" from the Faculty of Theology and Religious Studies, KU Leuven (Belgium). Fr. Aashu continues to serve in the Diocese as Vicar of the St. James IOC Leuven (Belgium), St. Philip & St. Bartholomew IOC Rotterdam, (Netherlands) and St. Mary's IOC Paris (France).



കോഴിക്കോട്ട് നടന്ന 4th Nationel open kyokushin caratte ചാമ്പ്യൻഷിപ്പിൽ ഒന്നാം സ്ഥാനം നേടിയ ജിയാ സാറാ ബിജു. മേപ്രാൽ സെന്റ് ജോൺസ് ഓർത്തഡോക്സ് വലിയ പള്ളി ഇടവകയിൽ മുണ്ടുചിറയിൽ ബിജു ജോയിസ് ദമ്പതികളുടെ മകളാണ്.



ദേവലോകം മാർ ബസേലിയോസ് സ്കൂൾ സിൽവർ ജൂബിലി ഭവനദാന പദ്ധതി

കോട്ടയം: ദേവലോകം മാർ ബസേലിയോസ് പബ്ലിക് സ്കൂളിലെ നവീകരിച്ച മികച്ച സൗകര്യങ്ങളോടുകൂടിയ പ്രീ-സ്കൂൾ 'ബസേലിയൻ ബ്ലൂംസ് ' പ്രശസ്ത സിനിമാ താരം ഗിന്നസ് പക്രു ഉദ്ഘാടനം ചെയ്തു. സ്കൂൾ രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായ ഭവനദാന പദ്ധതിയുടെ സമാരംഭം കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് നിർവഹിച്ചു. പദ്ധതിയുടെ ഭാഗമായി അർഹരായവർക്ക് നിർമ്മിച്ച് നൽകുന്ന അഞ്ച് വീടുകളിൽ ആദ്യ വീടിന്റെ താക്കോൽദാനം പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിർവഹിച്ചിരുന്നു. ഒരു വർഷം നീണ്ടു നിൽക്കുന്ന രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടപ്പാക്കുന്ന വിവിധ പദ്ധതികളെപ്പറ്റി സ്കൂൾ അഡ്മിനിസ്ട്രേറ്റർ ഫാ. സജി യോഹന്നാൻ വിശദീകരിച്ചു. സെക്രട്ടറി പ്രൊഫ. ജേക്കബ് കുര്യൻ ഓണാട്ട്, പ്രിൻസിപ്പൽ നിനി എബ്രഹാം എന്നിവർ പ്രസംഗിച്ചു. സ്കൂൾ ഗവേർണിംഗ് ബോർഡ് അംഗങ്ങൾ, അധ്യാപകർ വിദ്യാർഥികൾ എന്നിവർ സംബന്ധിച്ചു.



Daya Vidya Sahaya & Daya Pratheeksha 2026

Bangalore: Dayabhavan successfully organized Daya Vidya Sahaya (Educational Support for HIV-Infected & Affected Children) and Daya Pratheeksha (Educational Support for Children of Prisoners under the Jail Ministry).

The programme was presided over by Abraham Ramban and inaugurated by Dr. Siddaramanna, Deputy Director, WCD, Tumakuru. Distinguished guests including Pavithra (DCPO, Tumakuru), Belli Lokesh, Fr. Anil Oommen, Soumya (CWC President), Sri Govindaraju, Dr. Licy Cherian, and others graced the occasion.

630 Educational Kits and Nutritional Support Kits were distributed to vulnerable children, helping them continue their education with confidence and hope.